
VOL NO: 09
ISSUE 49
2025 DECEMBER 06
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

■ പോക്സോ നിയമത്തിന്റെ പ്രസക്തി



# പുണ്യാളന്മാരും ആദരവിന്റെ പരിധിയും: വത്തിക്കാൻ പ്രഖ്യാപനത്തിന്റെ പശ്ചാത്തലത്തിൽ

ക്രൈസ്തവർ യേശുവിന്റെ മാതാവായി അംഗീകരിക്കുന്ന 'വിശുദ്ധ മർയമി'നെ അഭിസംബോധന ചെയ്യുന്ന ചില വിളിപ്പേരുകളും പ്രാർഥനാ രീതികളും വത്തിക്കാൻ 'തിരുസംഘം' നിഷിദ്ധവും മതവിരുദ്ധവുമായി പ്രഖ്യാപിച്ച വാർത്ത, ശ്ലാഘനീയവും കറകളഞ്ഞ ദൈവ വിശ്വാസികൾക്ക് പ്രതീക്ഷ നൽകുന്നതുമാണ്. എന്നാൽ ബൈബിളിന്റെ പോലും പിൻബലമില്ലാതെയാണ് അവർ യേശുവിനെ ദൈവസ്ഥാനത്ത് പ്രതിഷ്ഠിച്ചിരിക്കുന്നത്. മഹാന്മാരെ ദൈവത്തിലേക്കുള്ള മധ്യസ്ഥരായി കാണുന്ന മുസ്‌ലിം സമുദായത്തിലുള്ളവരെ തിരുത്താൻ പണ്ഡിത സഭകൾ തയ്യാറാകേണ്ട സമയവും അതിക്രമിച്ചിരിക്കുന്നു.

ന്യൂജൻ വൈബ്

ബന്ധങ്ങളുടെ അതിർവരമ്പുകൾ

ഓൺലൈൻ ജീവിതം: നമ്മൾ അടിമകളാകുന്നുവോ?




**നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

463

# നേർപഥം

വാരിക

2025 ഡിസംബർ 06
1447 ജമാദുൽ ആഖിർ 15
പുസ്തകം 09 / ലക്കം 49




Managing Editor: **Nasir Balusseri**
Editor: **Usman Palakkazhi**
Chief Editor: **Anil Primrose**

Cover: **Anil**
Design & Layout: **Musthafa Mannarottil**
Web Editor: **Haseeb Elayur**

Printed, published & owned by: **K. Sajjad**
Printed at : **Sprint Offset Printers, Kozhikode**
Published at : **Kozhikode - 673 002**






ഇ. യൂസുഫ് സാഹിബ് നദുവി ഓച്ചിറ

ക്രൈസ്തവർ യേശുവിന്റെ മാതാവായി അംഗീകരിക്കുന്ന 'വിശുദ്ധ മർയമി'നെ അഭിസംബോധന ചെയ്യുന്ന ചില വിളിപ്പേരുകളും പ്രാർഥനാ രീതികളും വത്തിക്കാൻ 'തിരുസംഘം ' നിഷിദ്ധവും മതവിരുദ്ധവുമായി പ്രഖ്യാപിച്ച വാർത്ത, ശ്ലാഘനീയവും കറകളഞ്ഞ ദൈവ വിശ്വാസികൾക്ക് പ്രതീക്ഷ നൽകുന്നതുമാണ്. എന്നാൽ ബൈബിളിന്റെ പോലും പിൻബലമില്ലാതെയാണ് അവർ യേശുവിനെ ദൈവസ്ഥാനത്ത് പ്രതിഷ്ഠിച്ചിരിക്കുന്നത്. മഹാന്മാരെ ദൈവത്തിലേക്കുള്ള മധ്യസ്ഥരായി കാണുന്ന മുസ്‌ലിം സമുദായത്തിലുള്ളവരെ തിരുത്താൻ പണ്ഡിത സഭകൾ തയ്യാറാകേണ്ട സമയവും അതിക്രമിച്ചിരിക്കുന്നു.

**04** മുഖമൊഴി
പോക്സോ നിയമത്തിന്റെ പ്രസക്തി

**06** പഠനം
അയേൺ ആകാശത്തുനിന്ന്
ഡോ. ടി. കെ. യൂസുഫ്

**18** കുടുംബപഥം
ബന്ധങ്ങളുടെ അതിർവരമ്പുകൾ
ഡോ. യാസ്മിൻ എം, പട്ടാമ്പി

**20** കവിത
ന്യൂജൻ വൈബ്
ഹാദി അബ്ദുൽ റഊഫ് കൂടാളി, കണ്ണൂർ

**21** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതു ഖസ്വസ്വ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**24** വനിതാപഥം
ക്ഷമയിലെ നന്മ
നസീമ വാടാനപ്പള്ളി

**25** കവിത
മൗനത്തിൻ മാറ്റൊലി
ശാനിദ ബിൻത് അഹ്മദ്, ഊണുകാപ്പുഴ

**26** ലേഖനം
ഓൺ ലൈൻ ജീവിതം: നമ്മൾ അടിമകളാകുന്നുവോ?
മുഫീദ് പാലക്കാഴി

**31** ലേഖനം
പ്രവാചകന്മാർ ഇല്ലായിരുന്നെങ്കിൽ...!
ശമീർ മദീനി

**34** ബാലപഥം
ഒരു ജീവിയെയും ഉപദ്രവിക്കരുത്
അസ്റ അബ്ദുൽ ഹയ്യ്



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# കാവിസൂഫീ മൗലാനമാർ

'നേർപഥം' ലക്കം 462ൽ പ്രസിദ്ധീകരിച്ച, മൂസ സ്വലാഹി എഴുതിയ 'കാവിസൂഫീ മൗലാനമാർ കേരളത്തിലെത്തുമ്പോൾ' എന്ന ലേഖനം മുസ്‌ലിം സമുദായത്തിന്റെ കണ്ണുതുറപ്പിക്കാൻ പര്യാപ്തമായതായിരുന്നു. സംഘപരിവാർ കാലത്ത് അവരെ പ്രീണിപ്പിച്ചാലേ രക്ഷയുള്ളൂ എന്നു കരുതുന്ന, മതത്തോടും സമുദായത്തോടും ഒട്ടും കൂറില്ലാത്ത, ഭൗതികതൽപരരായ ചില മുസ്‌ലിം നാമധാരികൾ മതംകൊണ്ടാണ് കളിക്കുന്നത്.

തീവ്ര ഹിന്ദുത്വവാദികൾക്ക് ശിയാക്കളോടും സൂഫികളോടും വല്ലാത്ത സ്നേഹമാണ്. കാരണം ആ രണ്ടു വിഭാഗവും ഇസ്‌ലാമിനെ തകർക്കുന്ന ബദൽ ആശയം പേറുന്നവരാണ്. അവർ ഹൈന്ദവ വിശ്വാസങ്ങളോടും ആചാരങ്ങളോടും സമാനമായ പല വിശ്വാസങ്ങളും ആചാരങ്ങളും പേറുന്നവരാണ്. 2016ൽ ഡൽഹിയിൽ നടന്ന അന്താരാഷ്ട്ര സൂഫി സമ്മേളനത്തിന്റെ സ്പോൺസർമാർ ആരായിരുന്നുവെന്ന് മുസ്‌ലിംകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

**അസ്‌ലഹ് കല്ലടിക്കോട്**
**അൽഹിക്മ അറബിക് കോളേജ്, എടത്തനാട്ടുകര**

# ആർഎസ്എസ്: ദർശനവും ബഹുസ്വരതയും

'നേർപഥ'ത്തിലെ ഓരോ രചനയും ആസ്വാദ്യകരമാണ്. ഓരോ ലക്കത്തിലും പ്രസിദ്ധീകരിക്കുന്ന കവർ സ്റ്റോറികൾ വിജ്ഞാനപ്രദയും കാലിക പ്രസക്തവുമാണ്. 'ആർഎസ്എസ്: ദർശനവും ബഹുസ്വരതയും' എന്ന തലക്കെട്ടിൽ മുജീബ് ഒട്ടുമ്മൽ എഴുതിയ കവർ സ്റ്റോറി ആ സംഘത്തിന്റെ തനിനിറം തുറന്നുകാട്ടുന്നതായിരുന്നു.

മനുഷ്യത്വവിരുദ്ധമായ ആശയങ്ങളും നിയമനിർദേശങ്ങളും നിറഞ്ഞ മനുസ്മൃതിയിലെ നിയമങ്ങൾ നടപ്പിലാക്കലും ഹിന്ദു രാഷ്ട്രം സ്ഥാപിക്കലും ലക്ഷ്യമാക്കുന്ന ഒരു കൂട്ടായ്മയാണ് ആർഎസ്എസ് എന്നത് രഹസ്യമായ കാര്യമല്ല. സവർണ മേധാവിത്വം സ്ഥാപിക്കലും അതിന്റെ ലക്ഷ്യമാണ്.

ലേഖകൻ പറയുന്നതു പോലെ, ദളിതരുടെ പിന്തുണ ഉറപ്പുവരുത്താൻ ആർഎസ്എസ് മനുസ്മൃതിയെ തള്ളിപ്പറയാൻ ശ്രമിക്കുന്നു എന്നതാണ് വർത്തമാനകാലത്തെ വലിയ ഒരു തമാശ. മനുസ്മൃതിയിൽനിന്ന് ദളിത് വിരുദ്ധ, സ്ത്രീവിരുദ്ധ പരാമർശങ്ങൾ ഒഴിവാക്കുമെന്ന് ആർഎസ്എസ് അനുകൂല സംഘടനയായ സംസ്കാര ഭാരതി നേരത്തെ പറഞ്ഞിരുന്നു. എന്നാൽ ചിലരാകട്ടെ അതിൽ സ്ത്രീവിരുദ്ധ പരാമർശങ്ങളില്ല എന്ന് വാദിക്കുകയും അത്തരം പരാമർശങ്ങളെ വ്യാഖ്യാനിച്ച് ഒപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്.

**മുഹമ്മദ് ശമീൽ നിലമ്പൂർ**

# ക്ഷമയിലെ നന്മ

നസീമ വാടാനപ്പള്ളി എഴുതിയ 'ക്ഷമയിലെ നന്മ' എന്ന കുറിപ്പ് ലളിതവും മനോഹരവുമായിരുന്നു. ക്ഷമയും സ്വഭാവ മഹിമയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ക്ഷമയില്ലാത്തവർക്ക് ഒരിക്കലും നല്ല പെരുമാറ്റമുള്ളവരായി മാറാനാവില്ല. എന്നാൽ ഒരാൾ ക്ഷമയുള്ളവനായാൽ ശത്രുവിനെപ്പോലും ആ ക്ഷമയിലൂടെ മിത്രമാക്കാമെന്ന് വിശുദ്ധ ക്വുർആൻ അറിയിക്കുന്നുണ്ട്.

"നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അതുകൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധുവെന്നോണം ആയിത്തീരുന്നു. ക്ഷമ (സഹനം) കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവനല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല" (41:33,34).

**ബിസ്മിത എം**
**സൽസബീൽ അറബിക് കോളേജ്, വെങ്കിടങ്ങ്**

# പോക്സോ നിയമത്തിന്റെ പ്രസക്തി

Protection of Children from Sexual Offences Act (POCSO) ലൈംഗിക, ശാരീരിക, വൈകാരിക ചൂഷണങ്ങളിൽനിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനായുള്ള നിയമമാണ്. 2013 മുതൽ പോക്സോ കേസുകൾ വർധിച്ചതായാണ് പോലീസിന്റെ കണക്കുകൾ വെളിപ്പെടുത്തുന്നത്. നിയമം കർശനമാണെങ്കിലും 2025ൽ അത് ഭീതിതമാം വിധം വർധിക്കുകയാണ് ചെയ്തിരിക്കുന്നത്.

18 വയസിൽ താഴെയുള്ള പെൺകുട്ടികളും ആൺകുട്ടികളും നേരിടുന്ന ലൈംഗിക ചൂഷണങ്ങൾ നിയമപരമായി നേരിടുകയാണ് പോക്സോ നിയമത്തിന്റെ പ്രധാനലക്ഷ്യം. കുട്ടികളെ അപമാനിക്കുകയോ ഉപദ്രവിക്കുകയോ ചെയ്യുന്ന എല്ലാത്തരം പ്രവർത്തനങ്ങളേയും ലൈംഗിക കുറ്റമായാണ് പോക്സോ നിയമം വിലയിരുത്തുന്നത്.

പോക്സോ ചുമത്തിയാൽ പ്രതിക്ക് ഒത്തുതീർപ്പിലൂടെയോ മറ്റ് മാർഗങ്ങളിലൂടെയോ നിയമപരിധിയിൽ നിന്നും രക്ഷപ്പെടാനുള്ള പഴുതുകൾ ഇല്ലാതാവും. പോക്സോ പ്രതിക്ക് ജാമ്യം ലഭിക്കുകയുമില്ല. ഇരയായ കുട്ടി പിന്നീട് മൊഴി മാറ്റിപ്പറഞ്ഞാലും ആദ്യമൊഴി തന്നെയാണ് നിലനിൽക്കുക. ഭൂരിഭാഗം കുട്ടികളും തൊഴിലിടങ്ങളിൽനിന്നാണ് ചൂഷണം നേരിടുന്നത്. സർക്കാരിന്റെ കണക്കുകൾപ്രകാരം, കുട്ടികൾക്കെതിരെ നടക്കുന്ന ബലാത്സംഗകേസുകളിൽ 25 ശതമാനവും തൊഴിലുടമകളുടെയോ തൊഴിലിടങ്ങളിൽ സഹപ്രവർത്തകരുടേയൊ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ്.

മതപുരോഹിതരും ആൾദൈവം ചമഞ്ഞ് നടക്കുന്നവരും അധ്യാപകരും കുടുംബത്തിലുള്ളവരും അയൽവാസികളുമെല്ലാം പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെയും ആൺകുട്ടികളെയും ലൈംഗികമായി ചൂഷണം ചെയ്യുന്നു എന്നതാണ് സമീപകാലത്തെ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. വിദ്യാലയങ്ങളിൽ വെച്ച് പിഞ്ചു ബാലികമാരെ ലൈംഗികമായി ഉപദ്രവിച്ചതിനാൽ അറസ്റ്റു ചെയ്യപ്പെട്ട എത്രയെത്ര അധ്യാപകരുണ്ട്! പാലത്തായി പീഡന കേസിലെ പ്രതി ശിക്ഷിക്കപ്പെട്ടപ്പോൾ പ്രതിക്കു വേണ്ടി വാദിച്ച് അത് വോട്ടാക്കി മാറ്റാനുള്ള നെറികെട്ട പ്രവർത്തനം ചിലർ നടത്തിക്കൊണ്ടിരിക്കുകയാണിപ്പോൾ.

2017 ജനുവരിയിൽ 'ദ സിൻസ് ഓഫ് ഔർ ഫാദേഴ്സ്' എന്ന തലക്കെട്ടോടെ 'ഔട്ട്ലുക്ക്' മാഗസിൻ പുറത്തുവിട്ട റിപ്പോർട്ടും കേരളത്തിൽ വലിയ വാർത്തയായിരുന്നു. കേരളത്തിലെ കത്തോലിക്കാസഭയിലെ വൈദികർ നടത്തിയ ലൈംഗിക കുറ്റകൃത്യങ്ങളാണ് ഔട്ട്ലുക്ക് കവർ സ്റ്റോറിയിലൂടെ പുറത്തുവിട്ടത്.

കുറ്റകൃത്യങ്ങൾ മൂടിവെക്കാനും പ്രതികളെ സംരക്ഷിക്കാനും ആരോപണമുന്നയിക്കുന്നവരെ നിശ്ശബ്ദമാക്കാനും സഭ നടത്തിയ ശ്രമങ്ങളെക്കുറിച്ചായിരുന്നു ഔട്ട്ലുക്കിന്റെ കവർ സ്റ്റോറി. 12 പേജുകളിൽ നീണ്ടുനിൽക്കുന്ന മിനു ഇട്ടി ഐപ്പിന്റെ റിപ്പോർട്ടിൽ പകുതിയിലധികവും വൈദികർ പീഡിപ്പിച്ച 18 വയസ്സ് തികയാത്ത പെൺകുട്ടികളെ സംബന്ധിച്ചുള്ള കാര്യങ്ങളാണ്.

അപൂർവമായി ചില മദ്റസ അധ്യാപകരും പീഡനക്കേസിൽ പ്രതികളാകുന്നുണ്ട്. അവരെ രക്ഷിക്കാനോ അവർക്കു വേണ്ടി വാദിക്കാനോ അല്ല, അവരെ മാതൃകാപരമായി ശിക്ഷിക്കാനാണ് മുസ്‌ലിം സമുദായം ഒന്നടങ്കം ആവശ്യപ്പെടാറുള്ളത്. എന്നാൽ മറ്റാരുടെയും പീഡനത്തിൽ അവരുടെ മതത്തെ വലിച്ചിഴക്കാത്തവർ ഇതിൽ മതത്തെ വലിച്ചിഴക്കുകയും ഇസ്‌ലാമിനെയും പ്രവാചകനെയും ഖുർആനെയും വരെ അതിന്റെ പേരിൽ ആക്ഷേപിക്കുകയും ചെയ്യുന്ന ദുരന്തം നാം കണ്ടുകൊണ്ടിരിക്കുന്നു. അതെ, നമ്മുടെ നാട് അതിവേഗം വർഗീയമായി ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. ■

ഡോ. ടി. കെ. യൂസുഫ്
: 9349798262




ക്വുർആനിലെ ഒരു അധ്യായത്തിന് അല്ലാഹു നൽകിയ പേര് 'ഹദീദ്' അഥവാ 'ഇരുമ്പ്' എന്നാണ്. അനേകം പ്രവാചകന്മാരുടെയും ജീവികളുടെയും വസ്തുക്കളുടെയും പേരുകളിൽ ക്വുർആനിൽ അധ്യായങ്ങളുണ്ടെങ്കിലും നമുക്ക് അറിയാവുന്ന നൂറിലേറെ മൂലകങ്ങളിൽ ഇരുമ്പിന് മാത്രമെ ദൈവിക വേദത്തിലെ അധ്യായങ്ങളിലൊന്നിന് നാമകരണം ചെയ്യപ്പെട്ടതിന്റെ മഹത്ത്വം ലഭിച്ചിട്ടുള്ളൂ. പ്രസ്തുത അധ്യായത്തിൽ അല്ലാഹു പറയുന്നു:

وَأَنزَلْنَا الْحَدِيدَ فِيهِ بَأْسٌ شَدِيدٌ وَمَنَافِعُ لِلنَّاسِ

"ഇരുമ്പും നാം ഇറക്കിക്കൊടുത്തു. അതിൽ കഠിനമായ ആയോധനശക്തിയും ജനങ്ങൾക്ക് ഉപകാരങ്ങളുമുണ്ട്" (ഹദീദ്: 25).

എങ്ങനെയാണ് അല്ലാഹു ഇരുമ്പിനെ ഇറക്കിയത്? ആകാശത്തുനിന്ന് ദിവ്യബോധനം ഇറക്കി എന്നതിന് അനുബന്ധമായി ഇക്കാര്യം പറഞ്ഞത് എന്തിനാണ്? ഇരുമ്പിന്റെ കഠിന ശക്തിയെന്താണ്? അതിൽ മനുഷ്യന്

ഇരുമ്പുകൊണ്ട് ജനങ്ങൾക്ക് ധാരാളം പ്രയോജനമുണ്ടെന്നും ക്വുർആൻ വ്യക്തമാക്കുന്നുണ്ട്. ഭൂമിയിലെ ജനവാസത്തിനും നാഗരികതക്കും ഇരുമ്പ് ബൃഹത്തായ സംഭാവനകൾ നൽകുന്നുണ്ട്. ഭൂമിയിലെ അകക്കാമ്പിലെ ഇരുമ്പ് ഭൂമിയുടെ ആകർഷണശക്തിയിൽ ഒരു പ്രധാന പങ്കുവഹിക്കുന്നുണ്ട്. ഭൂമിയുടെ ഈ ആകർഷണശക്തിയാണ് ഭൂമിയുടെ ഉപരിഭാഗത്തുള്ള ജല, വാതക, ജൈവ മണ്ഡലത്തെ പിടിച്ചു നിർത്തുന്നത്. ഈ വാതക മണ്ഡലം മാരകമായ കിരണങ്ങളിൽനിന്ന് ഭൂമിക്ക് സംരക്ഷണം നൽകുന്നുണ്ട്.

എന്തൊക്കെ പ്രയോജനങ്ങളാണുള്ളത്? ഇത്തരം കാര്യങ്ങളാണ് ഇവിടെ വിശകലനം ചെയ്യാനുദ്ദേശിക്കുന്നത്.

ക്വുർആനിൽ ആറ് സ്ഥലങ്ങളിലാണ് 'ഹദീദ്' (ഇരുമ്പ്) എന്ന പദം പ്രയോഗിച്ചിട്ടുള്ളത്. അതിൽ അഞ്ച് സ്ഥലങ്ങളിലും ഇരുമ്പ് എന്ന ലോഹത്തെക്കുറിച്ച് തന്നെയാണ് പറയുന്നത്. 'ഇരുമ്പും നാം ഇറക്കിക്കൊടുത്തു. അതിൽ കഠിനമായ ആയോധനശക്തിയും ജനങ്ങൾക്ക് ഉപകാരങ്ങളുമുണ്ട്' എന്ന വചനം വിശദീകരിക്കുന്ന ക്വുർആൻ വ്യാഖ്യാനങ്ങൾ പരിശോധിക്കുകയാണങ്കിൽ അവയിലൊന്നും ഇരുമ്പ് ഇറക്കിയ രൂപം വിവരിക്കുന്നതായി കാണാൻ കഴിയില്ല. ഭൂമിയിലെ എല്ലാ വസ്തുക്കളെയും പോലെ ഇരുമ്പും സൃഷ്ടിച്ചത് അല്ലാഹുവായതുകൊണ്ട് 'ഇരുമ്പ് ആകാശത്ത് നിന്നും ഇറക്കി' എന്നതിന്റെ താൽപര്യം ആകാശത്തുള്ളവൻ ഇറക്കിയെന്നതാണ് എന്നാണ് തഫ്സീറുകളിൽ കാണുന്നത്. അതുപോലെ ഇരുമ്പിന്റെ ശക്തിയുടെ വിവക്ഷ വാൾ, പരിച, കുന്തം പോലുള്ള യുദ്ധോപകരണങ്ങളാണെന്നും, മനുഷ്യർക്കുള്ള പ്രയോജനം കൊണ്ടുദ്ദേശിക്കുന്നത് കാർഷിക-വീട്ടുപകരണങ്ങളുടെ നിർമാണമാണെന്നുമാണ് ഒട്ടുമിക്ക ക്വുർആൻ വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നത്.

ഭൂമിയുടെ രാസഘടന പരിശോധിക്കുകയാണെങ്കിൽ അതിൽ ഇരുമ്പിന്റെ തോത് 35.9 ശതമാനമാണെന്ന് കാണാനാവും. അപ്പോൾ ഭൂമിയിൽ ഏകദേശം രണ്ടായിരം മില്യൺ മില്യൺ മില്യൺ ടൺ ഇരുമ്പെങ്കിലുമുണ്ടെന്ന് കണക്കാക്കാമെന്ന് ശാസ്ത്രം പറയുന്നു. ഭൂമിയുടെ അകക്കാമ്പിലാണ് ഇരുമ്പ് കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത്. അവിടെ ഇരുമ്പിന്റെ തോത് 90 ശതമാനമാണ്. അകക്കാമ്പിൽനിന്ന് ബാഹ്യപാളിയിലേക്ക് വരുന്തോറും ഇരുമ്പിന്റെ തോത് കുറയുകയും ഭൂമിയുടെ പുറന്തോടിൽ എത്തു മ്പോൾ അതിന്റെ തോത് എകദേശം 5.6 ശതമാനമായിത്തീരുകയും ചെയ്യും. എങ്ങനെയാണ് ഇരുമ്പ് ആകാശത്തുനിന്നും ഇറങ്ങിയത്? എങ്ങനെയാണ് അതിന് ഭൂമിയുടെ പുറന്തോട് ഭേദിച്ച് അകക്കാമ്പിൽ അടിഞ്ഞുകൂടാൻ കഴിഞ്ഞത്? എന്തുകൊണ്ടാണ് അതിന്റെ തോത് പുറന്തോടിൽ അപേക്ഷികമായി കുറവുള്ളതായിത്തീർന്നത്? ഈ ചോദ്യങ്ങൾക്കും ഉത്തരം കണ്ടെത്തേണ്ടതുണ്ട്.

പ്രപഞ്ചത്തിൽ ഇരുമ്പ് രൂപംകൊള്ളുന്നത് മില്യൺ കണക്കിന് വർഷങ്ങൾ നീണ്ടുനിൽക്കുന്ന നക്ഷത്രങ്ങളുടെ പരിണാമ പ്രക്രിയകളുടെ അനന്തരഫലമായിട്ടാണ്. നക്ഷത്രങ്ങളിൽ ഇരുമ്പ് കാണപ്പെടുന്നില്ല. എന്നാൽ അനേക വർഷം കത്തിജ്വലിച്ചതിന് ശേഷം അവ ചുവപ്പ് ഭീകരന്മാരും (Red Giants) അതിഭീകരന്മാരുമായി (supergiant) പരിണമിക്കുകയും

പിന്നീട് ഒരു വിസ്ഫോടനത്തിന് ശേഷം അവ നോവയും സൂപ്പർ നോവയുമായി മാറുകയും ചെയ്യുന്നു. ഇങ്ങനെ ചുവപ്പു ഭീകരന്മാർ സൂപ്പർ നോവകളായി ജ്വലിച്ചണയുമ്പോൾ അവയുടെ അകക്കാമ്പിലെ രാസഘടന ആത്യന്തികമായി ഇരുമ്പായി രൂപാന്തരം പ്രാപിക്കുകയാണ് ചെയ്യുന്നത്. സൂപ്പർ നോവ വിസ്ഫോടനത്തിന് ശേഷം പ്രപഞ്ചത്തിൽ ചിതറിക്കിടക്കുന്ന ഇരുമ്പിനെ ഭൂമി പോലുള്ള ആകർഷണശക്തിയുള്ള ഗ്രഹങ്ങൾ വലിച്ചെടുക്കുകയാണ് ചെയ്യുന്നത്. ഭൂമിയുടെ ആകർഷണശക്തി തന്നെയാണ് ആകാശത്തുനിന്ന് ഇറങ്ങിവന്ന ഇരുമ്പിനെ വീണ്ടും ഭൂമിയുടെ അന്തർഭാഗത്തേക്ക് ആവാഹിക്കുന്നത്.

ഈ പ്രപഞ്ചത്തിൽനിന്നും മനുഷ്യൻ ഇതുവരെ കണ്ടെത്തിയ ഭാഗത്ത് കാണപ്പെടുന്ന മൂലകങ്ങൾ പരിശോധിക്കുകയാണെങ്കിൽ അതിൽ 74 ശതമാനവും ഹൈഡ്രജനാണെന്ന് കാണാം. തൊട്ടടുത്ത സ്ഥാനം 24 ശതമാനം വരുന്ന ഹീലിയത്തിനാണ്. മറ്റു നൂറിലേറെ മൂലകങ്ങളുടെ മൊത്തം തോത് രണ്ട് ശതമാനം മാത്രമാണ്. സൂര്യനിലും മറ്റു നക്ഷത്രങ്ങളിലും ഹൈഡ്രജൻ ഹീലിയമായി മാറിക്കൊണ്ടിരി ക്കുന്ന പ്രതിഭാസമാണ് നടക്കുന്നത്. സൂര്യൻ പോലുള്ള ഒരു നക്ഷത്രത്തിൽ ഈ പ്രക്രിയ തുടർച്ചയായി സംഭവിക്കുമ്പോൾ അവയിലെ താപനില ക്രമേണ വർധിക്കുകയും ന്യൂക്ലിയർ ഫ്യൂഷനിലൂടെ കാർബൺ ജന്മം കൊള്ളാൻ തുടങ്ങുകയും ചെയ്യും. പിന്നീട് കാർബൺ സോഡിയവും മഗ്നീഷ്യവും നിയോണുമായി പരിണമിക്കും. താപം വർധിക്കുന്നതിനനുസരിച്ച് പിന്നീടുള്ള ന്യൂക്ലിയർ ഫ്യൂഷൻ പ്രക്രിയയിൽ അലൂമിനിയം, സിലിക്കൺ തുടങ്ങിയ മൂലകങ്ങളും രൂപന്തരപ്പെടും. താപനില വീണ്ടും ഉയർന്ന് രണ്ടായിരം മില്യൺ സെന്റിഗ്രേഡിൽ എത്തുമ്പോൾ നക്ഷത്രങ്ങളുടെ അകക്കാമ്പ് ടൈറ്റാനിയം, ക്രോം, മാംഗനീസ്, ഇരുമ്പ് എന്നിവയിലേക്ക് പരിണമിക്കും. ഒരു നക്ഷത്രത്തിൽ ഇത്തരം മൂലകങ്ങൾ രൂപപ്പെടണമെങ്കിൽ അതികഠിനമായ താപം ആവശ്യമാണ്. നക്ഷത്രങ്ങളുടെ ജീവിത ഘട്ടത്തിലെ ചുവപ്പു ഭീകരന്മാർ, അതി ഭീകരന്മാർ എന്നീ ഘട്ടങ്ങളിൽ മാത്രമാണ് ഇത്രയും താപം ലഭിക്കുന്നത്. ഈ നക്ഷത്രങ്ങൾ സൂപ്പർ നോവകളായി പൊട്ടിത്തെറിക്കുമ്പോൾ താരതമ്യേന ശക്തിയുള്ള മൂലകമായ ഇരുമ്പ് ആകാശത്ത് ചിതറുകയും ഭൂമിപോലുള്ള ഗ്രഹങ്ങളിലേക്ക് അവ എത്തിപ്പെടുകയും ചെയ്യുന്നു. ഉൽക്കാവർഷത്തിലൂടെ ഓരോ വർഷവും ടൺ കണക്കിന് ഇരുമ്പ് ഭൂമിയിൽ പതിക്കുന്നുണ്ട്. ഇരുമ്പ് ആകാശത്തുനിന്ന് ഇറക്കി എന്ന വചനത്തിന്റെ ദൈവികത ഇതിലൂടെ ബോധ്യപ്പെടുന്നു.

ഇരുമ്പിന്റെ ശക്തിയെക്കുറിച്ചാണ് ക്വുർആൻ അടുത്ത വചനത്തിൽ സൂചിപ്പിക്കുന്നത്. സ്വർണം, വെള്ളി, ചെമ്പ് എന്നീ ലോഹങ്ങളെ പോലെ അതിപുരാതന കാലം മുതൽ മനുഷ്യൻ അറിയുകയും ഉപയോഗിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു ലോഹമാണ് ഇരുമ്പ്. എങ്കിലും ഇതര ലോഹങ്ങളെ അപേക്ഷിച്ച് ഇത് അൽപം ശക്തമാണ്. അയേൺ ആറ്റത്തിലെ 26



പലതരം ഇരുമ്പുകൾ ഭൂമിയിൽ കാണപ്പെടുന്നുണ്ട്. മൂലകങ്ങളുടെ ആറ്റോമിക് ഭാരത്തിനനുസരിച്ചാണ് ഇവയെ തരംതിരിക്കാറുള്ളത്. ഭൂമിയിൽ വളരെ കൂടുതൽ കാണ പ്പെടുന്ന ഇരുമ്പിന്റെ ആറ്റോമിക് ഭാരം പരിശോധിക്കുകയാണെങ്കിൽ ക്വുർആനിലെ ഹദീദ് (ഇരുമ്പ്) എന്ന അധ്യായത്തിന്റെ ക്രമനമ്പറും അതിൽ ഇരുമ്പിനെക്കുറിച്ച് പ്രസ്താവിച്ച വചന ത്തിന്റെ നമ്പറും ഇവയോട് സാമ്യമുള ളതാണെന്ന് കാണാൻ സാധിക്കും. ഈ യോജിപ്പ് കേവലം യാദൃച്ഛികമല്ല; മറിച്ച് എല്ലാം അറിയുന്നവനാണ് ക്വുർആൻ അവതരിപ്പിച്ചത് എന്നതിന് ഒരു തെളിവ് കൂടിയാണ്.

പ്രോട്ടോണുകളും 30 ന്യൂട്രോണുകളും 26 ഇലക്ട്രോണുകളുമാണ് ഇരുമ്പിന്റെ ശക്തിയുടെ നിദാനം. ഇതര ലോഹങ്ങളെ അപേക്ഷിച്ച് ഇരുമ്പിന് കാന്തിക ആകർഷണ ശക്തിയും അടിച്ചു പരത്താനും വലിച്ചു നീട്ടാനുമുള്ള ഇലാസ്തികതയും ചൂടിനെ ചെറുക്കാനുള്ള പ്രതിരോധ ശക്തിയുമുണ്ട്. ഇരുമ്പ് 1536 ഡിഗ്രി സെന്റി ഗ്രേഡിന് മുമ്പ് ഉരുകുകയില്ല. ഇനിയും ഒട്ടേറെ സവിശേഷതകളുള്ള ഒരു ലോഹമാണ് ഇരുമ്പ്.

ഇരുമ്പുകൊണ്ട് ജനങ്ങൾക്ക് ധാരാളം പ്രയോജനമുണ്ടെന്നും ക്വുർആൻ വ്യക്തമാക്കുന്നുണ്ട്. ഭൂമിയിലെ ജനവാസത്തിനും നാഗരികതക്കും ഇരുമ്പ് ബൃഹത്തായ സംഭാവനകൾ നൽകുന്നുണ്ട്. ഭൂമിയിലെ അകക്കാമ്പിലെ ഇരുമ്പ് ഭൂമിയുടെ ആകർഷണശക്തിയിൽ ഒരു പ്രധാന പങ്കുവഹിക്കുന്നുണ്ട്. ഭൂമിയുടെ ഈ ആകർഷണ ശക്തിയാണ് ഭൂമിയുടെ ഉപരിഭാഗത്തുള്ള ജല, വാതക, ജൈവ മണ്ഡലത്തെ പിടിച്ചു നിർത്തുന്നത്. ഈ വാതക മണ്ഡലം മാരകമായ കിരണങ്ങളിൽനിന്ന് ഭൂമിക്ക് സംരക്ഷണം നൽകുന്നുണ്ട്. ഭൂമിയിലെ സുരക്ഷിതവും സുഖപ്രദവുമായ ജനവാസത്തിന് അനുയോജ്യമായ പല പ്രക്രിയകൾക്കും ഭൂമിയുടെ ആകർഷണശക്തി ആവശ്യമാണ്. ഭൂമിയിലെ ഇരുമ്പിന്റെ വർധിച്ച അളവ് ഈ രംഗത്ത് ഗണ്യമായ ഒരു പങ്ക് നിർവഹിക്കുന്നുണ്ട്.

മനുഷ്യരുടെയും മൃഗങ്ങളുടെയും സസ്യങ്ങളുടെയും കോശഘടനയിൽ ഇരുമ്പ് ഒരു അനിവാര്യഘടകമാണ്. സസ്യങ്ങളിലെ ഇലകളിലും കായിലും പൂവിലും വിത്തുകളിലുമുള്ള ഇരുമ്പിന്റെ അംശങ്ങളാണ് മനുഷ്യരുടെയും മൃഗങ്ങളുടെയും ശരീരത്തിലെത്തുന്നത്. രക്തത്തിലെ ഹിമോഗ്ലോബിനിൽ ഇരുമ്പ് ഒരു അഭിവാജ്യഘടകമാണ്. രക്തത്തിൽ മാത്രമല്ല ശരീരത്തിലെ ഏകദേശം എല്ലാ അവയവങ്ങളിലും ഇരുമ്പിന്റെ സാന്നിധ്യമുണ്ട്. ഇരുമ്പിന്റെ അഭാവം പലവിധ രോഗങ്ങൾക്ക് കാരണമായി ത്തീരുന്നുമുണ്ട്. ഇരുമ്പിൽ മനുഷ്യർക്ക് പ്രയോജനമുണ്ട് എന്ന് ക്വുർആൻ പ്രസ്താവിക്കുമ്പോൾ ഈ രൂപത്തിലുള്ള ഇരുമ്പിന്റെ എണ്ണിയാൽ ഒടുങ്ങാത്ത പ്രയോജനങ്ങളാണ് അർഥമാക്കുന്നത്.

പലതരം ഇരുമ്പുകൾ ഭൂമിയിൽ കാണപ്പെടുന്നുണ്ട്. മൂലകങ്ങളുടെ ആറ്റോമിക് ഭാരത്തിനനുസരിച്ചാണ് ഇവയെ തരംതിരിക്കാറുള്ളത്. ഭൂമിയിൽ വളരെ കൂടുതൽ കാണപ്പെടുന്ന ഇരുമ്പിന്റെ ആറ്റോമിക് ഭാരം പരിശോധിക്കുകയാണെങ്കിൽ ക്വുർആനിലെ ഹദീദ് (ഇരുമ്പ്) എന്ന അധ്യായത്തിന്റെ ക്രമനമ്പറും അതിൽ ഇരുമ്പിനെക്കുറിച്ച് പ്രസ്താവിച്ച വചനത്തിന്റെ നമ്പറും ഇവയോട് സാമ്യമുള്ളതാണെന്ന് കാണാൻ സാധിക്കും. ഈ യോജിപ്പ് കേവലം യാദൃച്ഛികമല്ല; മറിച്ച് എല്ലാം അറിയുന്നവനാണ് ക്വുർആൻ അവതരിപ്പിച്ചത് എന്നതിന് ഒരു തെളിവ് കൂടിയാണ്.



ഇ. യൂസുഫ് സാഹിബ് നദുവി
ഓച്ചിറ

# പുണ്യാളന്മാരും ആദരവിന്റെ പരിധിയും;

## വത്തിക്കാൻ പ്രഖ്യാപനത്തിന്റെ പശ്ചാത്തലത്തിൽ

വിശ്വാസകാര്യങ്ങൾക്കായുള്ള 'വത്തിക്കാൻ തിരുസംഘം' (Dicastery for the Doctrine of the Faith) 2025 നവംബർ 4 ചൊവ്വാഴ്ച പുറത്തിറക്കിയ 'മാതേർ പോപുലി ഫിദേലിസ്' (Mater populi fidelis)'വിശ്വാസികളായ ജനതയുടെ മാതാവ്' എന്ന പ്രബോധനക്കുറിപ്പ് (Doctrinal Note) ഏറെ വിവാദങ്ങൾക്കും ചർച്ചകൾക്കും വഴിതെളിച്ചിരിക്കുകയാണ്.

കർദിനാൾ വിക്ടർ മാനുവൽ ഫെർണാണ്ടസും 'തിരുസംഘ'ത്തിന്റെ പ്രബോധന വിഭാഗം സെക്രട്ടറി മോൺസിഞ്ഞോർ അർമാൻഡോ മാറ്റിയോയും ഒപ്പുവച്ച ഈ കുറിപ്പ്, ഒക്ടോബർ 7ന് പോപ്പ് ലിയോ പതിനാലാമൻ അംഗീകരിച്ചതോടെ, ലോകമെമ്പാടുമുള്ള പ്രബല ക്രൈസ്തവ വിഭാഗമായ കത്തോലിക്കരുടെ ഔദ്യോഗിക നിലപാടായിത്തീരുകയാണ്. ഇതനുസരിച്ച്

ക്രൈസ്തവർ യേശുവിന്റെ മാതാവായി അംഗീകരിക്കുന്ന 'വിശുദ്ധ മർയമി'നെ അഭിസംബോധന ചെയ്യുന്ന ചില വിളിപ്പേരുകളും പ്രാർഥനാ രീതികളും വത്തിക്കാൻ 'തിരുസംഘം ' നിഷിദ്ധവും മതവിരുദ്ധവുമായി പ്രഖ്യാപിച്ച വാർത്ത, ശ്ലാഘനീയവും കറകളഞ്ഞ ദൈവ വിശ്വാസികൾക്ക് പ്രതീക്ഷ നൽകുന്നതുമാണ്. എന്നാൽ ബൈബിളിന്റെ പോലും പിൻബലമില്ലാതെയാണ് അവർ യേശുവിനെ ദൈവസ്ഥാനത്ത് പ്രതിഷ്ഠിച്ചിരിക്കുന്നത്. മഹാന്മാരെ ദൈവത്തിലേക്കുള്ള മധ്യസ്ഥരായി കാണുന്ന മുസ്‌ലിം സമുദായത്തിലുള്ളവരെ തിരുത്താൻ പണ്ഡിത സഭകൾ തയ്യാറാകേണ്ട സമയവും അതിക്രമിച്ചിരിക്കുന്നു.

'ഈശോ'യുടെ മാതാവായി അംഗീകരിക്കപ്പെടുന്ന 'വിശുദ്ധ മർയമി'നെ പരാമർശിക്കുന്ന ചില വിളിപ്പേരുകൾ നിഷിദ്ധവും അവരെ കുറിച്ചുള്ള ചില സങ്കൽപങ്ങൾ മതവിരുദ്ധവുമായി മാറുകയാണ്.

ക്രൈസ്തവ മതസമൂഹത്തിൽ നിലനിൽക്കുന്ന ചില പ്രത്യേക പ്രാർഥനാ രീതികളിലും സഹായ അഭ്യർഥനകളിലും പ്രാമാണികമായ ഒരു വ്യക്തത വരുത്താൻ വത്തിക്കാൻ നടത്തിയ ഈ ഇടപെടൽ, ഏകദൈവ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്ക് മുസ്‌ലിം സമൂഹത്തിനും ഉണർവേകേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നതാണെന്നതിൽ സംശയമില്ല.

കത്തോലിക്കാ സഭയിൽ കന്യാമറിയമിനെപ്പറ്റി 'സഹരക്ഷക,' 'മധ്യസ്ഥ' തുടങ്ങിയ പ്രയോഗങ്ങളിൽ വന്നേക്കാവുന്ന വ്യതിയാനങ്ങളെ തിരുത്താനാണ് ഈ സന്ദർഭത്തിൽ വത്തിക്കാൻ ശ്രമിക്കുന്നത്. 'വിശ്വാസികളുടെ അമ്മ' അഥവാ 'ഉമ്മുൽ മുഅ്മിനീൻ' എന്ന സ്ഥാനത്തേക്ക് മാത്രമാക്കി കന്യാമറിയത്തെ ചുരുക്കിയത്, തങ്ങളുടെ വിശ്വാസത്തെ കത്തോലിക്കൻ അടിത്തറയിൽനിന്ന് അകന്നുപോകാതെ കാക്കാനുള്ള ശ്രമമാണെന്നു മനസ്സിലാക്കാം. യേശുവിനെ ദൈവമായി കാണുകയും അദ്ദേഹത്തോട് പ്രാർഥിക്കുകയുമൊക്കെ ചെയ്യുന്നതിന് ബൈബിളിൽ പോലും തെളിവില്ല എന്ന വസ്തുത കൂടി സഭ അംഗീകരിക്കുവാൻ തയ്യാറുണ്ടോ എന്നത് പ്രസക്തമായ ചോദ്യമാണ്.

ഇതുപോലെ, ഇസ്‌ലാമിന്റെ മൗലികമായ ഏകദൈവവിശ്വാസത്തെ (തൗഹീദ്) വെല്ലുവിളിക്കുന്ന പുണ്യാള സങ്കൽപങ്ങളെയും മറ്റു അന്ധവിശ്വാസങ്ങളെയും നിരാകരിക്കുവാൻ മുസ്‌ലിം പണ്ഡിതന്മാർ രംഗത്തു വന്നെങ്കിൽ എന്ന് ആശിച്ചു പോകുകയാണ്. ഈ വിഷയങ്ങളിൽ ഏറെ കൃത്യതയും വ്യക്തതയും നൽകൽ അനിവാര്യമാണ്.

ഇസ്‌ലാമിക വിശ്വാസത്തിന്റെ നെടുംതൂണാണ് തൗഹീദ് അഥവാ അല്ലാഹുവിന്റെ പരമമായ ഏകത്വം. ആരാധനയിലും അധികാരാവകാശങ്ങളിലും നാമങ്ങളിലും വിശേഷണങ്ങളിലും അല്ലാഹുവിന് പങ്കാളികളില്ലെന്നും അവനല്ലാതെ മറ്റൊന്നിനും ആരാധനയർപ്പിക്കാൻ പാടില്ലെന്നുമുള്ള അചഞ്ചലമായ പ്രഖ്യാപനമാണ് തൗഹീദ്. വിശുദ്ധ ഖുർആൻ ആവർത്തിച്ചുറപ്പിക്കുന്ന ഒരു കാര്യമുണ്ട്:

"നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാകുന്നു. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവൻ പരമകാരുണികനും കരുണാനിധിയുമത്രെ" (2:163).

ഈ അടിസ്ഥാനത്തിൽ; സൃഷ്ടികൾക്കോ പ്രവാചകന്മാർക്കോ മലക്കുകൾക്കോ പുണ്യാളന്മാർക്കോ മരിച്ചുപോയവർക്കോ ദിവ്യത്വത്തിന്റെയോ ആരാധനയുടെയോ മധ്യസ്ഥതയുടെയോ

ഒരു അംശം പോലും കൽപി ക്കാൻ ഇസ്‌ലാം അനുവദിക്കു ന്നില്ല. അല്ലാഹുവിന് മാത്രമായി നിശ്ചയിക്കപ്പെട്ട കാര്യങ്ങളിൽ മറ്റൊരാളെ പങ്കുചേർക്കുന്നത് ഇസ്‌ലാമിക വീക്ഷണത്തിൽ ശിർക്ക് (അല്ലാഹുവിൽ പങ്കുചേർ ക്കൽ) എന്ന ഏറ്റവും വലിയ പാ പമാണ്, അതിക്രമവുമാണ്.

ഇസ്‌ലാം ശക്തമായി നിരാ കരിക്കുന്ന ഇത്തരം 'പുണ്യാള' സങ്കൽപങ്ങൾ മുസ്‌ലിം സമൂ ഹത്തിന്റെ ചില കോണുകളിൽ ഇന്നും സജീവമായി നിലനിൽ ക്കുന്നുണ്ട്. മക്ബ്‌റകളിലെ (ശവകുടീരങ്ങളിലെ) ആരാധന, മരിച്ചുപോയ പുണ്യാളൻമാരോ ട് നേരിട്ടും അല്ലാതെയും ദുആ ചെയ്ത് ആവശ്യങ്ങൾ തേടൽ, അവരുടെ പേരിൽ നേർച്ചകളും വഴിപാടുകളും നടത്തൽ, കറാമ ത്തുകളുടെ പേരിൽ വികലമായ വിശ്വാസങ്ങൾ പ്രചരിപ്പിക്കൽ തു ടങ്ങിയവയെല്ലാം ഈ അന്ധവി ശ്വാസങ്ങളുടെ ഭാഗമാണ്.

ഈ ആചാരങ്ങൾ യഥാർ ഥത്തിൽ ഇസ്‌ലാം പഠിപ്പിച്ച നേർക്കുനേരെയുള്ള പ്രാർഥ നാരീതിക്ക് വിരുദ്ധമാണ്. "നി ങ്ങളുടെ രക്ഷിതാവ് പറഞ്ഞി രിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ; ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം" (ക്വുർആൻ 40:60). പ്രാർഥനക്ക് മധ്യസ്ഥനാ യി ഒരാളുടെയും ആവശ്യമില്ലെ ന്ന് അല്ലാഹു ഇതിലൂടെ വ്യക്ത മാക്കുകയാണ്.

എന്നാൽ നബി(സ്വ)യുടെ കാലത്തും, ചില സമൂഹങ്ങളിൽ ഇന്നും തങ്ങൾക്കു വേണ്ടി ദൈ വത്തോട് ശുപാർശ പറയാൻ പു ണ്യവാന്മാർക്ക് കഴിയുമെന്നും അവർ ദൈവത്തോട് അടുക്കാൻ ഒരു പാലമായി വർത്തിക്കുമെ

ഇസ്‌ലാം ശക്തമായി നിരാകരിക്കുന്ന 'പുണ്യാള' സങ്കൽപ ങ്ങൾ മുസ്‌ലിം സമൂഹത്തിന്റെ ചില കോണുകളിൽ ഇന്നും സജീവമായി നിലനിൽക്കുന്നുണ്ട്. മക്ബ്‌റകളിലെ (ശവകു ടീരങ്ങളിലെ) ആരാധന, മരിച്ചുപോയ പുണ്യാളൻമാ രോട് നേരിട്ടും അല്ലാതെയും ദുആ ചെയ്ത് ആവശ്യങ്ങൾ തേടൽ, അവരുടെ പേരിൽ നേർച്ചകളും വഴിപാടുകളും നടത്തൽ, കറാമത്തുകളുടെ പേരിൽ വികലമായ വിശ്വാസ ങ്ങൾ പ്രചരിപ്പിക്കൽ തുടങ്ങിയവയെല്ലാം ഈ അന്ധവിശ്വാ സങ്ങളുടെ ഭാഗമാണ്. ഈ ആചാരങ്ങൾ യഥാർഥത്തിൽ ഇസ്‌ലാം പഠിപ്പിച്ച നേർക്കുനേരെയുള്ള പ്രാർഥനാരീതിക്ക് വിരുദ്ധമാണ്.

ന്നും വിശ്വസിക്കപ്പെടുന്നുണ്ട്. ഈ വിശ്വാസത്തെയും ക്വുർആൻ ശക്തമായി തിരുത്തുന്നുണ്ട്: "അല്ലാഹുവി ന് പുറമെ അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാ ത്തതിനെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങളുടെ ശു പാർശകരാണെന്ന് പറയുകയും ചെയ്യുന്നു. (നബിയേ,) പറയുക: ആകാശങ്ങളിലോ ഭൂമിയിലോ അല്ലാഹു അറിയാത്ത വല്ല കാര്യവും നിങ്ങൾ അവന് അറിയി ച്ചുകൊടുക്കുകയാണോ? അല്ലാഹു അവർ പങ്കുചേർ ക്കുന്നതിൽനിന്നെല്ലാം എത്രയോ പരിശുദ്ധനും ഉന്ന തനുമായിരിക്കുന്നു" (10:18).

ഈ ആയത്ത് വ്യക്തമാക്കുന്നത് അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ മധ്യസ്ഥത കൽപിക്കുന്ന ത് ശിർക്കിന്റെ ഗണത്തിൽ പെടുന്ന ഒന്നാണ് എന്നാ ണ്. ശുപാർശ (ശഫാഅത്ത്) എന്ന ആശയം തന്നെ അല്ലാഹുവിന്റെ അനുവാദത്തോടെ, അവൻ തൃപ്തി പ്പെട്ടവർക്ക് മാത്രമെ ലഭിക്കൂ എന്ന് ക്വുർആൻ (2:255) ഊന്നിപ്പറയുന്നുണ്ട്. മരണാനന്തരം ഒരു വ്യക്തിക്ക് ഈ ലോകത്തുള്ള ഒരാൾക്കും വേണ്ടി ശുപാർശ ചെ യ്യാൻ കഴിയുകയില്ല.

വസ്തുത ഇതായിരിക്കെ, മുസ്‌ലിം പണ്ഡിതന്മാർ ഇത് സമുദായത്തെ പഠിപ്പിക്കുവാൻ അമാന്തം കാണിക്കരു ത്. ജനങ്ങളെ കലർപ്പില്ലാത്ത ഏകദൈവ വിശ്വാസം പഠിപ്പിക്കൽ അവരുടെ പ്രാഥമിക ഉത്തരവാദിത്തമാ ണെന്നത് വിസ്മരിച്ചുകൂടാ. പണ്ഡിതന്മാർ ക്വുർആനി ന്റെയും ഹദീസിന്റെയും വെളിച്ചത്തിൽ തൗഹീദിന്റെ പ്രാധാന്യവും നിരന്തരം ജനങ്ങളെ ബോധ്യപ്പെടുത്ത ണം. ശിർക്കിന്റെ വിവിധ രൂപങ്ങളെക്കുറിച്ചും അതി ന്റെ ഗൗരവത്തെക്കുറിച്ചും അവർ സമൂഹത്തിന് മുന്ന റിയിപ്പ് നൽകണം.

ലക്ഷണം നോക്കൽ, ജ്യോത്സ്യം, ഗൗളിശാസ്ത്രം, കൈനോക്കി ഭാവി പ്രവചിക്കൽ തുടങ്ങിയ യുക്തിര ഹിതവും മതപരമായി അടിസ്ഥാനമില്ലാത്തതുമായ

അന്ധവിശ്വാസങ്ങൾ ഇന്നും നമ്മുടെ സമൂഹത്തിൽ ശക്തമായി നിലനിൽക്കുന്നുണ്ട്. വിശപ്പടക്കാൻ മനുഷ്യന്റെ ഉദരങ്ങളിലേക്ക് കടത്തിവിടേണ്ട വാഴപ്പഴം മന്ത്രിച്ചൂതി കടലിലേക്ക് വലിച്ചെറിഞ്ഞാൽ കടപ്പുറത്തെ വറുതി മാറി മത്സ്യം സുലഭമാകുമെന്ന ബാലിശമായ സങ്കൽപം പോലും സമൂഹത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നു. ഇത്തരം വിശ്വാസങ്ങളെല്ലാം കാര്യകാരണ ബന്ധങ്ങളെ നിയന്ത്രിക്കുന്നത് അല്ലാഹുവാണ് എന്ന ഇസ്‌ലാമിക അധ്യാപനത്തിന് തികച്ചും വിരുദ്ധമാണ്. പണ്ഡിതന്മാർ ഇവയെ തുറന്നുകാട്ടുകയും രോഗങ്ങൾക്കും ദുരിതങ്ങൾക്കും ദാരിദ്ര്യത്തിനും പ്രമാണബദ്ധമായ പരിഹാരങ്ങളായ പ്രാർഥന, ചികിത്സ, അധ്വാനം എന്നിവ നിർദേശിക്കുകയും വേണം.

സമുദായ നേതാക്കളും പണ്ഡിതന്മാരും ഇത്തരം ആചാരങ്ങളിൽനിന്നും അകലം പാലിക്കുകയും മതപരമായ ചടങ്ങുകളിൽ ഈ അന്ധവിശ്വാസങ്ങളെ പ്രോത്സാഹിപ്പിക്കുന്ന യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുകയും വേണം.

ഏകദൈവ വിശ്വാസം എന്നത് കേവലം 'ഒരൊറ്റ ദൈവത്തിൽ വിശ്വസിക്കുക' എന്നതിലുപരി, ജീവിതത്തിന്റെ സമസ്ത മേഖലകളിലും ആ ദൈവത്തിന് മാത്രം അധികാരാവകാശങ്ങൾ കൽപിക്കുക എന്നതുകൂടിയാണ്. ഒരു ആപത്ത് വരുമ്പോൾ പടച്ചവനെ വിളിക്കുന്നതുപോലെ തന്നെ, സമ്പത്തും ആരോഗ്യവും ലഭിക്കുമ്പോൾ അത് അല്ലാഹുവിന്റെ ഔദാര്യമാണെന്നും അതിന്റെ ഉടമസ്ഥാവകാശം അവന് മാത്രമാണെന്നും അംഗീകരിക്കണം. ഏതെങ്കിലും ഒരു പുണ്യാളന്റെ ദയവുകൊണ്ടാണ് തനിക്ക് അനുഗ്രഹം ലഭിച്ചതെന്ന് വിശ്വസിക്കുമ്പോൾ, അവിടെ തൗഹീദിന്റെ അടിത്തറക്ക് ഇളക്കം സംഭവിക്കുന്നു.



വത്തിക്കാൻ നടത്തിയ തുറന്നു പറച്ചിൽ മുസ്‌ലിം സമൂഹത്തിലെ പണ്ഡിതന്മാർക്ക് ഒരു വെളിച്ചമാകേണ്ടതാണ്. (അവർ യേശുവിനെ ദൈവമായി വിശ്വസിക്കുന്നു എന്ന കാര്യം മറന്നല്ല ഇതു പറയുന്നത്). അല്ലാഹുവിലേക്ക് അടുക്കാൻ അവന്റെ പ്രവാചകന്മാർ പഠിപ്പിച്ച നേർവഴി മാത്രമെ ഇസ്‌ലാമിലുള്ളൂ. മധ്യസ്ഥന്മാരോ സഹരക്ഷകരോ ഇസ്‌ലാമിന്റെ പാരമ്പര്യത്തിൽ അന്യമാണ്. ഈ യാഥാർഥ്യം സംശയരഹിതവും സുന്ദരവുമായ രീതിയിൽ സാധാരണ ജനങ്ങളിലേക്ക് എത്തിക്കുകയും ഏകദൈവ വിശ്വാസത്തിന്റെ വിശുദ്ധി കാത്തുസൂക്ഷിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ കൂടി അനിവാര്യതയാണ്. എങ്കിൽ മാത്രമെ, ഒരു വിഭാഗത്തിന്റെ വിശ്വാസത്തെ കാർന്നുതിന്നുന്ന അന്ധവിശ്വാസങ്ങളിൽനിന്ന് ആ സമൂഹത്തിന് മുക്തി നേടാനും ഇസ്‌ലാമിന്റെ പ്രകാശത്തെ തനിമയോടെ ലോകത്തിന് മുന്നിൽ അവതരിപ്പിക്കാനും സാധിക്കുകയുള്ളൂ.

കേരളത്തിലെ മുസ്‌ലിം സമൂഹത്തിൽ ഭക്തിയുടെയും പാരമ്പര്യത്തിന്റെയും ഭാഗമായിട്ടും പുണ്യാള സങ്കൽപങ്ങളുമായി ബന്ധപ്പെട്ടും നിലനിൽക്കുന്ന ചില വ്യക്തികളെയും ആചാരങ്ങളെയും ഈ സമയത്ത് പ്രത്യേകം എടുത്തുപറയണ്ടേത് ഏറെ അനിവാര്യമാണ്. മുനമ്പത്ത് ബീവി, ബീമാ ഉമ്മിച്ച, കല്ലടി മസ്താൻ, ഓച്ചിറ കാർന്നോര്,

സി.എം. മടവൂർ തുടങ്ങിയ വ്യക്തിത്വങ്ങളുമായി ബന്ധപ്പെട്ട് പൊതുസമൂഹത്തിൽ നിലനിൽക്കുന്ന ചില അതിരുവിട്ട ആദരവുകളും അനുഷ്ഠാനങ്ങളും നേർച്ചകളും ഇസ്‌ലാമിന്റെ മൗലികമായ തത്ത്വങ്ങളുമായി പൊരുത്തപ്പെടുന്നതാണോ എന്ന ചോദ്യം എക്കാലത്തും ഏറ്റവും പ്രസക്തമാണ്. കത്തോലിക്കാ സഭയിൽ വത്തിക്കാൻ വ്യക്തത വരുത്തിയതുപോലെ, കേരളത്തിലെ മുസ്‌ലിം പണ്ഡിതസഭകളും ഈ വിഷയങ്ങളിൽ ശക്തമായ പ്രഖ്യാപനങ്ങളും തിരുത്തലുകളും വരുത്തേണ്ട തിന്റെ അടിയന്തിരാവസ്ഥയിലൂടെയാണ് നാം കടന്നുപോകുന്നത്.

ഇസ്‌ലാമിൽ തൗഹീദ് അഥവാ അല്ലാഹുവിന്റെ ഏകത്വം എന്നത് അലംഘനീയമായ ഒരു പ്രമാണമാണ്. പ്രാർഥനകളിലും ഇതര ആരാധനകളിലും കാര്യങ്ങൾ സാധിക്കുന്നതിലും അല്ലാഹുവിന് പങ്കാളികളില്ല. മുകളിൽ പരാമർശിച്ച വ്യക്തികൾ ഉൾപ്പെടെ, ഒരു വ്യക്തി എത്ര ഉന്നതനാണെങ്കിലും, എത്ര വലിയ ഭക്തനാണെങ്കിലും, മരണശേഷം അയാൾക്ക് ദൈവികമായ യാതൊരു ശക്തിയുമില്ല. ജീവിച്ചിരിക്കുമ്പോൾ അവർ ചെയ്ത പുണ്യകർമങ്ങൾക്ക് അവരുടെ പദവി ഉയർത്താൻ കഴിഞ്ഞിരിക്കാം. എന്നാൽ, മരണശേഷം അവർക്ക് ഇഹലോകത്ത് ഇടപെടാനോ ജനങ്ങളുടെ പ്രാർഥന കേട്ട് അല്ലാഹുവിന്റെയടുക്കൽ ശുപാർശ ചെയ്യാനോ രോഗശാന്തി നൽകാനോ സമ്പത്ത് നൽകാനോ യാതൊരു കഴിവുമില്ല.

ഖുർആൻ ഇക്കാര്യം വളരെ വ്യക്തമായി പറയുന്നു: "അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്നവർ നിങ്ങളുടെ കൂട്ടത്തിലുള്ള ദാസന്മാർ മാത്രമാണ്. അതിനാൽ, നിങ്ങൾ അവരോട് പ്രാർഥിച്ച് നോക്കൂ; എന്നിട്ട് അവർ നിങ്ങൾക്ക് ഉത്തരം നൽകട്ടെ, നിങ്ങൾ സത്യവാന്മാരാണെങ്കിൽ' (7:194).

ഒരു വ്യക്തി എത്ര വലിയ മഹാനാണെങ്കിലും അല്ലാഹുവിന്റെ സൃഷ്ടിയാണ്. സൃഷ്ടികളോട് പ്രാർഥിച്ച് കാര്യസാധ്യത്തിന് ശ്രമിക്കുന്നത് ഇസ്‌ലാമിക വീക്ഷണത്തിൽ ശിർക്കാണ് (ബഹുദൈവാരാധന). ഇത് മഹാപാപവും നരകം ലഭിക്കുന്നതുമായ കാര്യമാണെന്ന് പ്രമാണങ്ങൾ പഠിപ്പിക്കുന്നു.

ചിലരുടെ ഖബറിടങ്ങളെ ആരാധനാകേന്ദ്രങ്ങളാക്കിയതും അവിടേക്ക് നേർച്ചകൾ നേരുന്നതും ഖബ്‌റിന്നരികിൽ നിലവിളക്കു കത്തിക്കുന്നതും ജാറം മൂടുന്ന ചടങ്ങ് നടത്തുന്നതും മറ്റും നമ്മുടെ നാട്ടിൽ കണ്ടുവരുന്നു. ഇതൊക്കെ മതത്തിന്റെ പേരിൽ വളരെ ഭക്ത്യാദരവോടെയാണ് നടത്തിവരുന്നത്. തികച്ചും ഇസ്‌ലാമിക വിരുദ്ധമായ ദുരാചാരങ്ങളാണിതെല്ലാം. മരണപ്പെട്ടവരോടുള്ള ആദരവ് ആരാധനയായി മാറാൻ ഒരിക്കലും പാടില്ല; അത് പ്രവാചകന്മാരാണെങ്കിൽ പോലും.

കേരളത്തിലെ വ്യത്യസ്ത 'സുന്നി' സംഘടനകളുടെ അനുയായികളാണ് ഇത്തരം ദുരാചാരങ്ങളിൽ ഏർപെടുന്നത്. നേതൃത്വം നൽകുന്നതാകട്ടെ പണ്ഡിതന്മാരും. പിന്നെ എങ്ങനെ സമുദായം നന്നാകും?

സലഫി സംഘടനകൾ മരണപ്പെട്ട സൃഷ്ടികളോടുള്ള തേട്ടത്തെ പ്രാമാണികമായി ശിർക്കെന്നു പറഞ്ഞ് ശക്തമായി എതിർക്കുമ്പോൾ, 'തവസ്സുൽ' (ഇട തേടൽ), 'ഇസ്തിഗാസ' (സഹായം തേടൽ) പോലുള്ള വാക്കുകളിലൂടെ അതിനെ ന്യായീകരിക്കുകയും വ്യാഖ്യാനിക്കുകയും 'ബറകത്ത്' (അനുഗ്രഹം) തേടാ

വത്തിക്കാൻ നടത്തിയ തുറന്നു പറച്ചിൽ മുസ്‌ലിം സമൂഹത്തിലെ പണ്ഡിതന്മാർക്ക് ഒരു വെളിച്ചമാകേണ്ടതാണ്. (അവർ യേശുവിനെ ദൈവമായി വിശ്വസിക്കുന്നു എന്ന കാര്യം മറന്നല്ല ഇതു പറയുന്നത്). അല്ലാഹുവിലേക്ക് അടുക്കാൻ അവന്റെ പ്രവാചകന്മാർ പഠിപ്പിച്ച നേർവഴി മാത്രമെ ഇസ്‌ലാമിലുള്ളൂ. മധ്യസ്ഥന്മാരോ സഹരക്ഷകരോ ഇസ്‌ലാമിന്റെ പാരമ്പര്യത്തിൽ അന്യമാണ്. ഈ യാഥാർഥ്യം സംശയരഹിതവും സുന്ദരവുമായ രീതിയിൽ സാധാരണ ജനങ്ങളിലേക്ക് എത്തിക്കുകയും ഏകദൈവ വിശ്വാസത്തിന്റെ വിശുദ്ധി കാത്തുസൂക്ഷിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ കൂടി അനിവാര്യതയാണ്.



നുള്ള മാർഗമായി അവതരിപ്പിക്കുകയും ചെയ്യുന്നു.

ഈ വ്യാഖ്യാന വ്യത്യാസങ്ങൾ സാധാരണ വിശ്വാസികളെ ഏറെ ആശയക്കുഴപ്പത്തിലാക്കുന്നതാണ്. ശുദ്ധമായ ഏകദൈവ വിശ്വാസം എവിടെ തുടങ്ങുന്നു, എവിടെ അവസാനിക്കുന്നു എന്നതിനെക്കുറിച്ച് സുവ്യക്തമായ പ്രബോധനം അനിവാര്യമാണ്.

വത്തിക്കാന്റെ നടപടി പോലെ, കേരളത്തിലെ പണ്ഡിതസഭകൾ ഒന്നിച്ചോ അല്ലാതെയോ, ഖുർആനിന്റെയും സ്വഹീഹായ ഹദീസുകളുടെയും അടിസ്ഥാനത്തിൽ, ഇത്തരം വ്യക്തികളുമായി ബന്ധപ്പെട്ട വിശ്വാസവും ആചാരപരവുമായ അതിരുകടത്തലുകൾ ഇസ്‌ലാമികമല്ലെന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കാൻ മുന്നോട്ടു വരണം.

മരിച്ചുപോയ വ്യക്തികളോട് നേരിട്ടോ അല്ലാതെയോ പ്രാർഥിക്കുന്നത് അനുവദനീയമല്ലെന്നും പ്രാർഥന അല്ലാഹുവിനോട് മാത്രമെ ആകാവൂ എന്നും തുറന്നു പറയാൻ അവർ തയ്യാറാകണം. ഖബറിടങ്ങളെ കേന്ദ്രീകരിച്ച് നടന്നുവരുന്ന നേർച്ച, വഴിപാട്, പ്രദക്ഷിണം, നിലവിളക്ക് കത്തിക്കൽ തുടങ്ങിയ എല്ലാ അനാചാരങ്ങളും കർശനമായി നിരോധിക്കാനും നടപടികൾ സ്വീകരിക്കണം.

ചില വ്യക്തികളെ 'പുണ്യാളർ' എന്ന നിലയിൽ അതിമാനുഷിക ശക്തിയുള്ളവരായി ചിത്രീകരിക്കുന്ന, വിവിധ ഭാഷയിലും ഭാഷ്യത്തിലുമുള്ള എല്ലാത്തരം എടുകളെയും പുസ്തകങ്ങളെയും പാട്ടുകളെയും പ്രസംഗങ്ങളെയും പ്രമാണ വിരുദ്ധമായി പ്രഖ്യാപിക്കുക എന്നത് ഏറെ അനിവാര്യമാണ്.

ഇത്തരം ഒരു കൂട്ടായ പ്രഖ്യാപനം ഉണ്ടായാൽ മാത്രമെ, പാരമ്പര്യത്തിന്റെ മറവിൽ, തൗഹീദിന് വിരുദ്ധമായ കാര്യങ്ങളിൽനിന്ന് മുസ്‌ലിം സമൂഹത്തിന് മുക്തി നേടാൻ സാധിക്കുകയുള്ളൂ. വിശ്വാസപരമായ കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്തതും എന്നാൽ സ്നേഹത്തോടെയുള്ളതുമായ സമീപനം പണ്ഡിതന്മാർ സ്വീകരിക്കുകയും ജനങ്ങളെ ശരിയായ പാതയിലേക്ക് നയിക്കുകയും ചെയ്യേണ്ടത് അവരുടെ ധാർമികമായ ബാധ്യതയാണ്. ഏകദൈവ വിശ്വാസത്തിന്റെ പ്രകാശം യാതൊരുവിധ അന്ധവിശ്വാസത്തിന്റെയും മറയില്ലാതെ ജനങ്ങളിലേക്ക് എത്തേണ്ടത് അത്യാവശ്യമാണ്.

വിശുദ്ധ ക്വുർആനിലെ അഞ്ചാം അധ്യായമായ മാഇദയിലെ 116ാം വചനം ഇതോടൊപ്പം ചേർത്ത് വിശദീകരിക്കേണ്ടത് അനിവാര്യമെന്ന് കരുതുന്നു. ഏക ദൈവവിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളെ ഊട്ടിയുറപ്പിക്കുന്നതും പ്രവാചകന്മാരെയും പുണ്യപുരുഷന്മാരെയും എങ്ങനെ ആദരിക്കണം എന്നതിന്റെ അതിർവരമ്പുകൾ നിർണയിക്കുന്നതുമായ ഒരു അതിമഹത്തായ ദിവ്യ പ്രഖ്യാപനമാണ് ഈ സൂക്തത്തിൽ അടങ്ങിയിട്ടുള്ളത്.

സർവശക്തനായ അല്ലാഹുവും മഹാനായ പ്രവാചകൻ ഈസബ്നു മർയമും(അ) തമ്മിൽ അന്ത്യനാളിൽ നടക്കുന്ന ഒരു സംഭാഷണമാണ് ഈ സൂക്തത്തിന്റെ മുഖ്യപ്രമേയം. ഈ സംഭാഷണത്തിന് ഈ ഭൗതികലോകത്തെ ഒരു സാധാരണ കോടതിയിലെ വിചാരണയുടെ രൂപമുണ്ടെങ്കിലും ഇത് മഹാനായ ഒരു പ്രവാചകന്റെ നിരപ

വത്തിക്കാന്റെ നടപടി പോലെ, കേരളത്തിലെ പണ്ഡിത സഭകൾ ഒന്നിച്ചോ അല്ലാതെയോ, ക്വുർആനിന്റെയും സ്വഹീഹായ ഹദീസുകളുടെയും അടിസ്ഥാനത്തിൽ, ഇത്തരം വ്യക്തികളുമായി ബന്ധപ്പെട്ട വിശ്വാസവും ആചാരപരവുമായ അതിരുകടത്തലുകൾ ഇസ്‌ലാമികമല്ലെന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കാൻ മുന്നോട്ടു വരണം. മരിച്ചുപോയ വ്യക്തികളോട് നേരിട്ടോ അല്ലാതെയോ പ്രാർഥിക്കുന്നത് അനുവദനീയമല്ലെന്നും പ്രാർഥന അല്ലാഹുവിനോട് മാത്രമെ ആകാവൂ എന്നും തുറന്നു പറയാൻ അവർ തയ്യാറാകണം.

രാധിത്വത്തെ ലോകത്തിന് മുമ്പിൽ തുറന്ന് പ്രഖ്യാപിക്കാനും അതിലുപരിയായി ഏകദൈവവിശ്വാസത്തിൽനിന്ന് വ്യതിചലിച്ചവരുടെ തെറ്റിദ്ധാരണകളെ തിരുത്താനുമുള്ള ഒരു ദിവ്യമായ ദൃഷ്ടാന്തം കൂടിയാണ്.

സംഭാഷണം ആരംഭിക്കുന്നത് ഇപ്രകാരമാണ്: "അല്ലാഹു പറയുന്ന സന്ദർഭം: 'ഓ, മർയമിന്റെ മകനായ ഈസാ! എന്നെയും എന്റെ മാതാവിനെയും ദൈവത്തിന് പുറമെ രണ്ട് ആരാധ്യന്മാരായി സ്വീകരിക്കണമെന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്?'

ഈ ചോദ്യം വളരെ ഗൗരവമേറിയതാണ്. കാരണം, ലോകചരിത്രത്തിൽ ഒരു വിഭാഗം ജനത പ്രവാചകനായ യേശു(അ)വിനെ ദൈവപുത്രനായോ ദൈവമായോ ദൈവത്തിന്റെ മൂന്നിലൊന്നായോ വിശ്വസിക്കുകയും അദ്ദേഹത്തിന്റെ മാതാവായ മറിയമിന്-പരിധികളില്ലാതെ അങ്ങേയറ്റം ആദരിച്ച്- ദൈവിക പരിവേഷം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ ഏകദൈവത്തിലുള്ള വിശ്വാസം ലംഘിക്കപ്പെടുകയും പങ്കുചേർക്കൽ എന്ന വലിയ തെറ്റിലേക്ക് മനുഷ്യസമൂഹം നീങ്ങുകയും ചെയ്തു. ഈ ചോദ്യത്തിലൂടെ, ഈ പ്രവാചകൻ ഒരിക്കലും അത്തരമൊരു കൽപന തന്റെ സമൂഹത്തിന് നൽകിയിട്ടില്ല എന്ന് ഉറപ്പുവരുത്തുകയും ആ വിശ്വാസം തന്റെ അനുയായികൾക്കിടയിൽ ഉണ്ടായ ഒരു കൂട്ടിച്ചേർക്കൽ മാത്രമാണെന്ന് സ്ഥാപിക്കുകയുമാണ് അല്ലാഹു ചെയ്യുന്നത്.

ഈ ചോദ്യത്തിന് ഈസാ നബി(അ) നൽകുന്ന മറുപടി, എല്ലാ പ്രവാചകന്മാരുടെയും മുഖ്യ ദൗത്യത്തിന്റെ കാതൽ വെളിപ്പെടുത്തുന്നതാണ്. അദ്ദേഹം പറഞ്ഞു: "നീ എത്ര പരിശുദ്ധൻ! എനിക്ക് ഒരവകാശവുമില്ലാത്ത ഒരു കാര്യം ഞാൻ പറയുക എന്നത് എനിക്ക് ഒട്ടും ചേർന്നതല്ല."

ആദ്യമായി ഈസാ നബി(അ) തന്റെ നാഥനെ എല്ലാ അപാകതകളിൽനിന്നും പങ്കുചേർക്കലുകളിൽ നിന്നും പരിശുദ്ധനാക്കി പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. ദൈവത്തിന് പങ്കാളികളുണ്ടാവുക എന്നത് ദൈവത്വത്തിന് ചേർന്നതല്ല എന്ന ശക്തമായ പ്രഖ്യാപനമാണിത്. തന്നെയും തന്റെ മാതാവിനെയും ആരാധിക്കാൻ കൽപിക്കുക എന്നത് ഒരു പ്രവാചകന്റെ ദൗത്യത്തിന് തികച്ചും വിരുദ്ധമാണ്. ദൈവത്തെ ആരാധിക്കുക എന്നതിലാണ് പ്രവാചകത്വ ദൗത്യം അടങ്ങിയിരിക്കുന്നത്. അതിനാൽ, 'ഒരവകാശവുമില്ലാത്ത' കാര്യം-അതായത് ദൈവത്വം-തനിക്ക് അവകാശപ്പെട്ടതല്ല എന്ന് അദ്ദേഹം വിനയത്തോടെ സമ്മതിക്കുകയാണിതിലൂടെ. പ്രവാചകന്മാർ ദൈവദാസന്മാരും ദൂതന്മാരുമാണ്. അവർ ആദരിക്കപ്പെടേണ്ടവരാണ്. എന്നാൽ ഒരിക്കലും അവർ ആരാധിക്കപ്പെടേണ്ടവരല്ല. പ്രവാചകൻ എന്ന നിലയിൽ താൻ ദൈവത്തിനു വേണ്ടി സംസാരിക്കുകയേ ഉള്ളൂ; തനിക്ക് വേണ്ടി സംസാരിക്കുകയില്ല എന്ന് വ്യക്തമാക്കുകയും ചെയ്യുന്നു.

തുടർന്ന്, ഈസാ(അ) തന്റെ മറുപടി പൂർത്തിയാക്കുന്നത് ദൈവത്തിന്റെ പരിപൂർണമായ അറിവിനെക്കുറിച്ചുള്ള അതിമനോഹരമായ വാക്കുകളിലൂടെയാണ്:

"ഞാൻ അത് പറഞ്ഞിട്ടുണ്ടെങ്കിൽ തീർച്ചയായും നീ അത് അറിഞ്ഞിരിക്കും. എന്റെ മനസ്സിലുള്ളത് നീ അറിയും; എന്നാൽ നിന്റെ മനസ്സിലുള്ളത് ഞാൻ അറിയുകയുമില്ല. തീർച്ചയായും നീ തന്നെയാണ് അദൃശ്യ കാര്യങ്ങൾ അറിയുന്നവൻ."

ഈ വാക്കുകളിലൂടെ ഈസാ നബി(അ) താൻ

ഒരു സാധാരണ സൃഷ്ടി മാത്രമാണെന്ന് ഒരിക്കൽ കൂടി പ്രഖ്യാപിക്കുന്നു.

താൻ അപ്രകാരം കൽപിക്കുകയോ അത്തരമൊരു ആശയം മനസ്സിൽ വെക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് അറിയുന്ന ഏക ശക്തി അല്ലാഹു മാത്രമാണ്. കാരണം താൻ അത് പുറത്തുപറയാതിരുന്നാൽ പോലും തന്റെ മനസ്സിലുള്ളത് അറിയാൻ അല്ലാഹുവിന് കഴിയും. ഈ പ്രസ്താവനയിലൂടെ പ്രവാചകൻ തന്റെ നിരപരാധിത്വം ഉറപ്പിക്കുക മാത്രമല്ല തന്റെ അറിവും കഴിവും ദൈവത്തിന്റെ മുമ്പിൽ ഏറെ പരിമിതമാണെന്നും തുറന്നു പ്രഖ്യാപിക്കുന്നു.

'എന്റെ മനസ്സിലുള്ളത് നീ അറിയും; എന്നാൽ നിന്റെ മനസ്സിലുള്ളത് ഞാൻ അറിയുകയുമില്ല' എന്ന പ്രയോഗം സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള അതിർവരമ്പ് കൂടുതൽ വ്യക്തമാക്കുന്നുണ്ട്. ദൈവത്തിന്റെ സത്തയും അതിന്റെ രഹസ്യങ്ങളും അദൃശ്യകാര്യങ്ങളും അറിയാൻ ഒരു സൃഷ്ടിക്കും കഴിയില്ല. ഈസാ പ്രവാചകൻ പോലും അക്കാര്യത്തിൽ സാധാരണ മനുഷ്യരെപ്പോലെയാണ്. ഇത് ദൈവത്തിന്റെ 'അദൃശ്യ കാര്യങ്ങൾ അറിയുന്നവൻ' (ആലിമുൽ ഗൈബ്) എന്ന വിശേഷണത്തെ ഊട്ടിയുറപ്പിക്കുന്നതാണ്. അതുപോലെ ഈ പ്രത്യേകത ദൈവത്തിന് മാത്രം അവകാശപ്പെട്ടതുമാണ്.

ഈ വചനത്തിന്റെ സന്ദേശം ഏറെ പ്രസക്തവും വളരെയധികം വ്യക്തവുമാണ്. പ്രവാചകന്മാരെയും പുണ്യപുരുഷന്മാരെയും ആദരിക്കുന്നത് ലോകത്തിലെ എല്ലാ വിശ്വാസി സമൂഹങ്ങളിലും വളരെ പ്രധാനമാണ്. എന്നാൽ ആ ആദരവ് ഏതുവരെയാകാം എന്നതിലാണ് പലപ്പോഴും തർക്കങ്ങൾ ഉടലെടുക്കുന്നത്. ഖുർആൻ പഠിപ്പിക്കുന്നത്; ആരാധനാകർമങ്ങൾ, പ്രാർഥന, അഭൗതികമായ സഹായം തേടൽ തുടങ്ങിയ കാര്യങ്ങൾ ഏകനായ അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതാണ്. ഇതിൽ പ്രവാചകന്മാരെയോ മറ്റു മഹാന്മാരെയോ പങ്കുചേർക്കുന്നത് ഏകദൈവവിശ്വാസത്തിന് തികച്ചും വിരുദ്ധമാണ്.

ആദരവും ബഹുമാനവും ആവശ്യമാണ്. എന്നാൽ ദൈവത്വം (ഉലൂഹിയ്യത്ത്) കൽപിക്കരുത്. മഹാന്മാരോടുള്ള ബഹുമാനം ഒരിക്കലും ദൈവത്തിന്റെ തലത്തിലേക്ക് അവരെ ഉയർത്തുകയോ അവർക്ക് അദൃശ്യജ്ഞാനം കൽപിക്കുകയോ അവരെ ആരാധിക്കുകയോ ചെയ്യുന്ന രീതിയിലേക്ക് മാറരുത്. ആദരവും ആരാധനയും തമ്മിലുള്ള അതിർവരമ്പ് മുകളിലെ ഖുർആനിക വചനത്തിൽ ശക്തമായി സ്ഥാപിക്കുന്നുണ്ട്.

പ്രവാചകൻ ഈസാ(അ) പോലും താൻ ആരാധിക്കപ്പെടാൻ അർഹനല്ലെന്ന് വ്യക്തമാക്കി പറയുമ്പോൾ, മറ്റേത് പുണ്യപുരുഷനും ദൈവത്തിന് മുമ്പിൽ അവന്റെ ദാസൻ മാത്രമാണ്. അവരുടെ മധ്യസ്ഥതയിൽ വിശ്വസിക്കുന്ന പല വിശ്വാസി സമൂഹങ്ങൾക്കുമുള്ള ശക്തമായ ഒരു തിരുത്തലാണിത്. യഥാർഥത്തിൽ, ഈ പുണ്യപുരുഷന്മാരെല്ലാം അവരുടെ ജീവിതം കൊണ്ട് നമുക്ക് നൽകിയത് ദൈവത്തെ മാത്രം ആരാധിക്കാനുള്ള മാതൃകയാണ്.

ദൈവത്തെയും പ്രവാചകന്മാരെയും മഹത്തുക്കളെയും സ്നേഹിക്കുക. എന്നാൽ, ആരാധന ഏകനായ ദൈവത്തിന് മാത്രമായി നിജപ്പെടുത്തുക. പ്രവാചകന്മാർ അവരുടെ മഹത്വത്തിലും, ദൈവത്തിന്റെ മുമ്പിലും വിനയാന്വിതരായ ദാസന്മാർ മാത്രമാണ്. ഈ തിരിച്ചറിവാണ് യഥാർഥ ആദരവ്. ■

> പ്രവാചകൻ ഈസാ(അ) പോലും താൻ ആരാധിക്കപ്പെടാൻ അർഹനല്ലെന്ന് വ്യക്തമാക്കി പറയുമ്പോൾ, മറ്റേത് പുണ്യപുരുഷനും ദൈവത്തിന് മുമ്പിൽ അവന്റെ ദാസൻ മാത്രമാണ്. അവരുടെ മധ്യസ്ഥതയിൽ വിശ്വസിക്കുന്ന പല വിശ്വാസി സമൂഹങ്ങൾക്കുമുള്ള ശക്തമായ ഒരു തിരുത്തലാണിത്. യഥാർഥത്തിൽ, ഈ പുണ്യപുരുഷന്മാരെല്ലാം അവരുടെ ജീവിതം കൊണ്ട് നമുക്ക് നൽകിയത് ദൈവത്തെ മാത്രം ആരാധിക്കാനുള്ള മാതൃകയാണ്.



ഡോ. യാസ്മിൻ എം, പട്ടാമ്പി

# ബന്ധങ്ങളുടെ അതിർവരമ്പുകൾ

മനുഷ്യനെ മറ്റു ജീവജാലങ്ങളിൽനിന്നും വ്യത്യസ്തമാക്കുന്നത് അവന്റെ വിശേഷബുദ്ധിയും കുടുംബ വ്യവസ്ഥിതിയാണല്ലോ. നമുക്ക് ചുറ്റും കാണുന്ന പക്ഷിമൃഗാദികളും മറ്റും ഇണകളായി ജീവിക്കുകയും കുട്ടികളെ ഉല്പാദിപ്പിക്കുകയും പോറ്റിവളർത്തുകയും ചെയ്യുന്നുണ്ടെങ്കിലും മനുഷ്യനെപോലെ ജനനം മുതൽ മരണംവരെയും മരണത്തിനപ്പുറവും നിലനിൽക്കുന്ന കുടുംബ ബന്ധങ്ങളുടെ കണ്ണികളിലൊന്നായല്ല അവയുടെയൊന്നും ജീവിതം.

മാതാപിതാക്കൾ, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ തുടങ്ങി കുടുംബബന്ധങ്ങളുടെ ഏതെങ്കിലും ഒരു കണ്ണിയായി മാത്രമെ മനുഷ്യനിവിടെ ജീവിക്കുന്നുള്ളൂ. പ്രപഞ്ച സ്രഷ്ടാവ് മനുഷ്യർക്കേകിയ ഒരനുഗ്രഹമാണ് ഈ കുടുംബ ബന്ധങ്ങളുടെ കെട്ടുപാടുകൾ എന്ന തിരിച്ചറിവോടെ ജീവിക്കുമ്പോഴാണ് ഒരു മനുഷ്യന്റെ ജീവിതം അർഥപൂർണമാകുന്നത്.

നാമാരോരുത്തരും സ്വന്തം വ്യക്തിത്വത്തെ ഉൾക്കൊള്ളുന്നതോടൊപ്പം മകനോ മകളോ സഹോദരനോ സഹോദരിയോ മാതാവോ പിതാവോ ഒക്കെയാണെന്ന ബോധ്യത്തോടെ എല്ലാ ബന്ധങ്ങൾക്കും അതിന്റേതായ പ്രാധാന്യം കൊടുത്തുകൊണ്ട് ജീവിക്കുമ്പോഴാണ് ഒരു സാമൂഹിക ജീവി എന്ന നിലയിൽ ഈ ജീവിതം മൂല്യവത്താവുന്നത്.

സ്വന്തം ജീവിതത്തിലേക്ക് മക്കൾ കടന്നുവരുമ്പോൾ എത്രത്തോളം പൂർണത ലഭിക്കുന്നതായി നമ്മൾ മനസ്സിലാക്കുന്നുവോ അതുപോലെതന്നെയാണ് ഒരു കുടുംബത്തിലേക്ക് ഓരോ കാലയളവിലും വരുന്ന വ്യത്യസ്ത അംഗങ്ങളുടെ പ്രാധാന്യവും.

ഒരു വീട്ടിലോ ഒരു നാട്ടിലോ അല്ലെങ്കിൽ പോലും മാതാപിതാക്കളും മക്കളും തമ്മിലും സഹോദരങ്ങൾ തമ്മിലുമെല്ലാം ജീവസ്സുറ്റ ബന്ധങ്ങൾ നിലനിൽക്കേണ്ടതുണ്ട്.

നാമാരോരുത്തരും സ്വന്തം വ്യക്തിത്വത്തെ ഉൾക്കൊള്ളുന്നതോടൊപ്പം മകനോ മകളോ സഹോദരനോ സഹോദരിയോ മാതാവോ പിതാവോ ഒക്കെയാണെന്ന ബോധ്യത്തോടെ എല്ലാ ബന്ധങ്ങൾക്കും അതിന്റേതായ പ്രാധാന്യം കൊടുത്തുകൊണ്ട് ജീവിക്കുമ്പോഴാണ് ഒരു സാമൂഹിക ജീവി എന്ന നിലയിൽ ഈ ജീവിതം മൂല്യവത്താവുന്നത്.

ആളുകൾ ഒരുപാട് പുരോഗമിച്ചുവെന്ന് അവകാശപ്പെട്ടാലും, പണ്ടത്തെപോലെ പോരും പൊങ്ങച്ചവുമൊന്നും ഇപ്പോളില്ല എന്ന് പറയപ്പെടുന്നുണ്ടെങ്കിലും ബന്ധങ്ങൾക്കിടയിൽ വിള്ളലുണ്ടാക്കുന്ന തരത്തിലുള്ള പ്രവണതകൾ ധാരാളമായി കണ്ടുവരുന്നുണ്ട്.

പലപ്പോഴും സ്നേഹത്തിന്റെ പേരിലുള്ള സ്വാർഥതകളാണ് കുടുംബബന്ധങ്ങളിൽ വില്ലനായി വരുന്നത്. ഒരു കുടുംബത്തിൽ ചിലപ്പോൾ മാതാപിതാക്കൾ, മക്കൾ, സഹോദരിമാർ, സഹോദരന്മാർ, മരുമക്കൾ, പേരക്കുട്ടികൾ എന്നിവരെല്ലാമുണ്ടായിരിക്കും. എല്ലാവർക്കും എല്ലാവരോടും ഒരേ തരത്തിലുള്ള സ്നേഹവും പരിഗണനയുമായിക്കില്ലല്ലോ ഉണ്ടാവുക. ഈ തിരിച്ചറിവ് അനിവാര്യമാണ്. എങ്കിൽ സ്നേഹവും പരിഗണനയും ഒരിക്കലും താരതമ്യം ചെയ്യപ്പെടാവാതല്ല എന്ന തത്ത്വം എളുപ്പത്തിൽ സ്വീകാര്യമാവും.

മറ്റൊരാളുടെ ജീവിതത്തിലേക്ക് കടന്നുചെല്ലുന്നതിലും ഇടപെടുന്നതിലും ചില അതിർവരമ്പുകൾ ഓരോരുത്തർക്കുമുണ്ട്. കുടുംബ സാഹചര്യങ്ങളും പ്രായവുമെല്ലാം ഒരു പരിധിവരെ സ്വാധീനിക്കുന്നുവെങ്കിലും ഒരാൾക്ക് മറ്റൊരാളുടെ ജീവിതത്തിൽ നിർവഹിക്കുവാനുള്ള, അല്ലെങ്കിൽ ഇടപെടാനുള്ള തലങ്ങളിൽ അത് കൃത്യമായി നിർവഹിക്കുന്ന അതേ പ്രാധാന്യത്തോടെ ആ വ്യക്തിയുടെ ജീവിതത്തിൽ മറ്റു പല തലങ്ങളിലും ഇടപെടേണ്ടവർക്ക് അതിനുള്ള ഇടം അനുവദിച്ചു കൊടുക്കുകയും അതുപോലെ ആ വ്യക്തിക്ക് മറ്റുള്ളവരുമായുള്ള വ്യത്യസ്ത ബന്ധങ്ങളുടെ അടിസ്ഥാനത്തിലുള്ള ബാധ്യത നിർവഹണത്തിന് സ്വാതന്ത്ര്യം നൽകുകയും ചെയ്യേണ്ടതുണ്ട്.

മാതാപിതാക്കൾക്ക് മക്കളോട് അളക്കാനാവാത്ത സ്നേഹവും അതോടൊപ്പം നിരവധി കടമകളുമുണ്ട് എന്നത് സംശയമില്ലാത്ത കാര്യമാണ്. അതുപോലെ മക്കൾക്ക് മാതാപിതാക്കളോടും തീർത്താൽ തീരാത്ത കടപ്പാടുണ്ട്.

മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിനിടയിലേക്കാണ് ‘മരുമക്കൾ’ എന്ന ഒരു വിഭാഗം കടന്നുവരുന്നത്. മക്കളുടെ ജീവിതത്തിൽ മരുമക്കളുടെ സ്ഥാനവും പ്രാധാന്യവും മനസ്സിലാക്കുന്ന മാതാപിതാക്കൾ ഒരിക്കലും തങ്ങളുടെ സ്വാർഥത കാരണം അവരുടെ ജീവിതത്തിൽ പ്രതിസന്ധികൾ

സൃഷ്ടിക്കുവാൻ കാരണക്കാരാവില്ല. അതുപോലെ തന്നെ തന്റെ ജീവിത പങ്കാളിയുടെ മാതാപിതാക്കൾക്ക് വിലകൽപിക്കുന്ന മരുമക്കൾ മാതാപിതാക്കൾ എന്ന നിലയിൽ പങ്കാളി അവർക്കു നൽകുന്ന സ്ഥാനത്തിനും പരിഗണനക്കും ഒരിക്കലും തടസ്സം നിൽക്കുകയുമില്ല. അതുപോലെ തന്നെയാണ് സഹോദരങ്ങൾ തമ്മിലുള്ള ബന്ധവും. വിവാഹിതനായ സഹോദരനെ എന്തിനും ഏതിനും ആശ്രയിക്കുന്ന പ്രവണത സഹോദരിമാർ ശ്രദ്ധിക്കേണ്ടതുണ്ട്. എന്നാൽ കൂടപ്പിറപ്പുകളുടെ സാഹചര്യങ്ങൾ മനസ്സിലാക്കി സഹകരിക്കുകയും സഹായിക്കുകയും ചെയ്യുന്ന ഭർത്താവിന്റെ സൽഗുണങ്ങളെ ഏറ്റവും നന്നായി പ്രോത്സാഹിപ്പിക്കുന്നവളാവണം ഒരു യഥാർഥ ഭാര്യ.

സ്വാർഥതയാൽ, മാതാപിതാക്കൾക്കും മക്കൾക്കുമിടയിലും സഹോദരങ്ങൾക്കിടയിലും ഭാര്യാ ഭർത്താക്കന്മാർക്കിടയിലുമെല്ലാം തെറ്റിദ്ധാരണകളും ശത്രുതയുമുണ്ടാക്കി ബന്ധം ശിഥിലമാക്കാൻ ശ്രമിക്കുന്നവർ കുടുംബബന്ധം വിച്ഛേദിക്കുക എന്ന ഗുരുതരമായ തെറ്റാണ് ചെയ്യുന്നത്. അവരുടെ പ്രാർഥനകൾ റബ്ബിലേക്ക് ഉയർത്തപ്പെടുകയോ സൽകർമങ്ങൾ സ്വീകരിക്കപ്പെടുകയോ ചെയ്യില്ല.

മറ്റുള്ളവരോട് കാണിക്കുന്ന സ്നേഹവും സഹകരണവും ഒരിക്കലും തങ്ങൾക്ക് ഒരു നഷ്ടമാവുന്നില്ലെന്നും ചേർത്തുവയ്ക്കുന്ന കുടുംബ ബന്ധങ്ങൾ കൊണ്ട് ഇഹലോകത്തും പരലോകത്തും നന്മ മാത്രമെ ലഭിക്കുകയുള്ളൂ എന്നുമുള്ള തിരിച്ചറിവാണ് ബന്ധങ്ങളെ ഊഷ്മളമാക്കുന്നത്. ■



ഹാദി അബ്ദുൽ റഊഫ് കൂടാളി, കണ്ണൂർ

# ന്യൂജൻ വൈബ്



ഹേ! അയ്യയ്യോ 'എ.ഐ' കാലം!
എല്ലാവർക്കും ഇത് 'ഫോൺ' കാലം.
'ഇന്റർ വലയിൽ' പെട്ടൊരു കാലം.
'ഇ-വല'യില്ലേൽ വലയും കാലം !

കലയും വരയും 'എ. ഐ' പറയും
വഴിയും കുഴിയും 'ഗൂഗിൾ' പറയും
പന്ത് കളിക്കാൻ 'പെസ്സിൻ ഗ്രൗണ്ടും'
ഗ്രാമം കാണാൻ 'ഇൻസ്റ്റഗ്രാമും.'

സ്കൂൾ പഠനം 'ഓൺലൈൻ ക്ലാസിൽ'
പാചക മികവോ 'യൂട്യൂബ് വൈബിൽ'
വിവരം അറിയാം 'വാട്സ് ആപ്പ് ഗ്രൂപ്പി'ൽ
വായന മുഴുവൻ 'ഫെയ്സ്ബുക്ക് പോസ്റ്റി'ൽ!

പറയാനുണ്ടിനി ഇതിലും ഏറെ,
'വൈറൽ' നിറയും
വാർത്തകളേറെ.
അറിയുക നിങ്ങൾ നേരത് മാത്രം,
നേരാം വഴിയിൽ പോകാം വേഗം!
■

# സൂറത്തു ഖസ്വസ്വ്

കഥാകഥനം

(മക്കയിൽ അവതരിച്ചത്)

അധ്യായം 28

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

الَّذِينَ آتَيْنَاهُمُ الْكِتَابَ مِن قَبْلِهِ هُم بِهِ يُؤْمِنُونَ ﴿٥٢﴾

52. ഇതിന് മുമ്പ് നാം ആർക്ക് വേദഗ്രന്ഥം നൽകിയോ അവർ ഇതിൽ വിശ്വസിക്കുന്നു.

وَإِذَا يُتْلَىٰ عَلَيْهِمْ قَالُوا آمَنَّا بِهِ إِنَّهُ الْحَقُّ مِن رَّبِّنَا إِنَّا كُنَّا مِن قَبْلِهِ مُسْلِمِينَ ﴿٥٣﴾

53. ഇതവർക്ക് ഓതി കേൾപിക്കപ്പെടുമ്പോൾ അവർ പറയും: ഞങ്ങൾ ഇതിൽ വിശ്വസിച്ചിരിക്കുന്നു. തീർച്ചയായും ഇത് ഞങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള സത്യമാകുന്നു. ഇതിനു മുമ്പുതന്നെ തീർച്ചയായും ഞങ്ങൾ കീഴ്പെടുന്നവരായിരിക്കുന്നു.

أُولَٰئِكَ يُؤْتَوْنَ أَجْرَهُم مَّرَّتَيْنِ بِمَا صَبَرُوا وَيَدْرَءُونَ بِالْحَسَنَةِ السَّيِّئَةَ وَمِمَّا رَزَقْنَاهُمْ يُنفِقُونَ ﴿٥٤﴾

54. അത്തരക്കാർക്ക് അവർ ക്ഷമിച്ചതിന്റെ ഫലമായി അവരുടെ പ്രതിഫലം രണ്ടുമടങ്ങായി നൽകപ്പെടുന്നതാണ്. അവർ നന്മകൊണ്ട് തിന്മയെ തടുക്കുകയും നാം അവർക്ക് നൽകിയിട്ടുള്ളതിൽനിന്ന് ചെലവഴിക്കുകയും ചെയ്യും.

وَإِذَا سَمِعُوا اللَّغْوَ أَعْرَضُوا عَنْهُ وَقَالُوا لَنَا أَعْمَالُنَا وَلَكُمْ أَعْمَالُكُمْ سَلَامٌ عَلَيْكُمْ لَا نَبْتَغِي الْجَاهِلِينَ ﴿٥٥﴾

55. വ്യർഥമായ വാക്കുകൾ അവർ കേട്ടാൽ അതിൽനിന്ന് അവർ തിരിഞ്ഞുകളയുകയും ഇപ്രകാരം പറയുകയും ചെയ്യും: ഞങ്ങൾക്കുള്ളത് ഞങ്ങളുടെ കർമങ്ങളാണ്. നിങ്ങൾക്കുള്ളത് നിങ്ങളുടെ കർമങ്ങളും. നിങ്ങൾക്കു സലാം. മൂഢൻമാരെ ഞങ്ങൾക്ക് ആവശ്യമില്ല.

إِنَّكَ لَا تَهْدِي مَنْ أَحْبَبْتَ وَلَٰكِنَّ اللَّهَ يَهْدِي مَن يَشَاءُ ۚ وَهُوَ أَعْلَمُ بِالْمُهْتَدِينَ ﴿٥٦﴾

56. തീർച്ചയായും നിനക്ക് ഇഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷേ, അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു. സൻമാർഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ (അല്ലാഹു) നല്ലവണ്ണം അറിയുന്നവനാകുന്നു.

وَقَالُوا إِن نَّتَّبِعِ الْهُدَىٰ مَعَكَ نُتَخَطَّفْ مِنْ أَرْضِنَا ۚ أَوَلَمْ نُمَكِّن لَّهُمْ حَرَمًا آمِنًا يُجْبَىٰ إِلَيْهِ ثَمَرَاتُ كُلِّ شَيْءٍ رِّزْقًا مِّن لَّدُنَّا وَلَٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ﴿٥٧﴾

57. നിന്നോടൊപ്പം ഞങ്ങൾ സന്മാർഗം പിന്തുടരുന്ന പക്ഷം ഞങ്ങളുടെ നാട്ടിൽനിന്ന് ഞങ്ങൾ എടുത്തെറിയപ്പെടും എന്ന് അവർ പറഞ്ഞു. നിർഭയമായ ഒരു പവിത്രസങ്കേതം നാം അവർക്ക് അധീനപ്പെടുത്തി കൊടുത്തിട്ടില്ലേ? എല്ലാ വസ്തുക്കളുടെയും ഫലങ്ങൾ അവിടേക്ക് ശേഖരിച്ച് കൊണ്ടു വരപ്പെടുന്നു. നമ്മുടെ പക്കൽനിന്നുള്ള ഉപജീവനമത്രെ അത്. പക്ഷേ, അവരിൽ അധികപേരും (കാര്യം) മനസ്സിലാക്കുന്നില്ല.

52) ഇവിടെ അല്ലാഹു ക്വുർആനിന്റെ മഹത്ത്വവും സത്യതയും പരാമർശിക്കുന്നു. ശരിയായ അറിവുള്ളവർ അത് മനസ്സിലാക്കുന്നു. അതിൽ വിശ്വസിക്കുകയും ചെയ്യുന്നു. അത് സത്യമാണെന്ന് അവർ സ്ഥിരീകരിക്കുകയും ചെയ്യുന്നു. (ഇതിന് മുമ്പ് വേദഗ്രന്ഥം നൽകിയവർ) ഇൻജീലും തൗറാത്തും നൽകപ്പെട്ടവരാണവർ. അവരതിൽ ഒരു മാറ്റവും വരുത്തിയില്ല. (അവർ ഇതിൽ) ഈ ക്വുർആനിലും അത് കൊണ്ടുവന്നവരിലും (വിശ്വസിക്കുന്നവരാകുന്നു).

53) (അവർക്ക് ഓതിക്കേൾപിക്കപ്പെടുമ്പോൾ) അവർ ശ്രദ്ധിച്ചുകേൾക്കുകയും പിൻപറ്റുകയും ചെയ്യുന്നു. (ഞങ്ങൾ ഇതിൽ വിശ്വസിക്കുന്നു. തീർച്ചയായും ഇത് ഞങ്ങളുടെ രക്ഷിതാവിൽനിന്നുള്ള സത്യമാകുന്നു) കാരണം ഇത് പ്രവാചകന്മാർ കൊണ്ടുവന്നതിനോട് യോജിക്കുന്നു. പൂർവ വേദഗ്രന്ഥങ്ങളിൽ പറഞ്ഞതിനോട് സാമ്യത പുലർത്തുന്നു. ശരിയായ വിവരങ്ങൾ ഉൾക്കൊള്ളുന്നു. കൽപനകളും വിരോധങ്ങളും യുക്തിപൂർണമാണ്. ഇവരുടെ സാക്ഷ്യങ്ങൾ പ്രാധാന്യമുള്ളതും വാക്കുകൾ പ്രയോജനമുള്ളതുമാണ്. കാരണം, അവർ പറയുന്നത് അറിവിന്റെയും വിവേകത്തിന്റെയും അടിസ്ഥാനത്തിലാണ്. അവർ വേദത്തിന്റെ അവകാശികളാണ്. എന്നാൽ സത്യത്തോടുള്ള മറ്റുള്ളവരുടെ എതിർപ്പുകളും ഖണ്ഡനങ്ങളും വികലമാണ്. അവർക്ക് ശരിയായ തെളിവില്ല. അവർ അജ്ഞരാണ്. അല്ലെങ്കിൽ അവർ അജ്ഞത നടിക്കുന്നവരാണ്. സത്യത്തെ ധിക്കാരത്തോടെ തള്ളിക്കളയുന്നവരും. അല്ലാഹു പറയുന്നു:

قُلْ آمِنُوا بِهِ أَوْ لَا تُؤْمِنُوا ۚ إِنَّ الَّذِينَ أُوتُوا الْعِلْمَ مِن قَبْلِهِ إِذَا يُتْلَىٰ عَلَيْهِمْ يَخِرُّونَ لِلْأَذْقَانِ سُجَّدًا

'നിങ്ങൾ ഇതിൽ (ക്വുർആനിൽ) വിശ്വസിച്ചുകൊള്ളുക. അല്ലെങ്കിൽ വിശ്വസിക്കാതിരിക്കുക. തീർച്ചയായും ഇതിന് മുമ്പ് - അല്ലാഹുവിൽനിന്നുള്ള- ജ്ഞാനം നൽകപ്പെട്ടവരാരോ, അവർക്ക് ഇത് വായിച്ചു കേൾപ്പിക്കപ്പെട്ടാൽ അവർ പ്രണമിച്ചുകൊണ്ട് മുഖം കുത്തി വീഴുന്നതാണ്. (17:107)

അല്ലാഹു പറയുന്നു: (ഇതിന് മുമ്പുതന്നെ തീർച്ചയായും ഞങ്ങൾ കീഴ്പ്പെടുന്നവരായിരിക്കുന്നു) അതുകൊണ്ടാണ് അല്ലാഹു ഞങ്ങൾക്ക് അനുഗ്രഹമായി ത്തന്ന ഇസ്ലാമിലും ഈമാനിലും ഞങ്ങൾ ഉറച്ചുനിന്നത്. അങ്ങനെ ഞങ്ങൾ ഈ ക്വുർആനിൽ വിശ്വസിച്ചു. ആദ്യ ഗ്രന്ഥത്തിലും അന്തിമ ഗ്രന്ഥത്തിലും വിശ്വസിച്ചു. എന്നാൽ മറ്റുള്ളവർ തങ്ങളുടെ മുമ്പത്തെ ഗ്രന്ഥത്തിലെ വിശ്വാസത്തെ ക്വുർആനിനെ നിരാകരിക്കുന്നതിലൂടെ നിഷേധിച്ചു.

54) (അത്തരക്കാർക്ക്) രണ്ടു ഗ്രന്ഥത്തിലും വിശ്വസിച്ചവർക്ക്. (അവരുടെ പ്രതിഫലം രണ്ടു മടങ്ങായി നൽകപ്പെടുന്നതാണ്) മുമ്പുള്ള ഗ്രന്ഥത്തിൽ വിശ്വസിച്ചതിനും ശേഷം വന്ന ഗ്രന്ഥത്തിൽ വിശ്വസിച്ചതിനും. (അവർ ക്ഷമിച്ചതിന്റെ ഫലമായി) വിശ്വാസം നിലനിർത്താൻ, സൽക്കർമങ്ങളിൽ ഉറച്ചുനിൽക്കാൻ. അവരുടെ വിശ്വാസത്തിന് സംശയങ്ങൾ കൊണ്ട് ഉലച്ചിൽ പറ്റിയില്ല. നേതൃമോഹമോ ആഗ്രഹങ്ങളോ വിശ്വാസത്തിൽ നിന്ന് അകറ്റിയില്ല.

ഇനിയുമുണ്ട് അവരുടെ വിശ്വാസം മൂലം ഉണ്ടായ ഉത്തമ ഗുണങ്ങൾ. അവർ (നന്മകൊണ്ട് തിന്മയെ തടുക്കുകയും) എല്ലാവരോടും നന്മയോടെ പെരുമാറലാണ് അവരുടെ രീതി. തങ്ങളോട് വാക്കിലും പ്രവൃത്തിയിലും മോശമായി പെരുമാറുന്നവരോട് പോലും. അവർ സൗമ്യമായ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും പ്രതികരിക്കുന്നു. ആ മഹത്തായ ഗുണത്തിന്റെ മഹത്ത്വത്തെക്കുറിച്ച് അവർ ബോധവാന്മാരാണ്. മഹാഭാഗ്യമുള്ളവർക്കല്ലാതെ ഇത് സാധ്യമല്ല.

55) (വ്യർഥമായ വാക്കുകൾ അവർ കേട്ടാൽ) അവരോട് സംസാരിക്കുന്ന ഒരു അവിവേകിയിൽനിന്ന്. അവർ തിരിഞ്ഞു പോകും. (അവർ പറയും:) പരമകാരുണികന്റെ ബുദ്ധിയുള്ള അടിമകളെപ്പോലെ അവർ പറയും. (ഞങ്ങൾക്കുള്ളത് ഞങ്ങളുടെ കർമങ്ങളാണ്) ഓരോരുത്തർക്കും അവർ ചെയ്ത പ്രവൃത്തികൾക്ക് മാത്രം പ്രതിഫലം ലഭിക്കും. മറ്റൊരാൾ ചെയ്തതിന്റെ പാപഭാരം അവൻ വഹിക്കേണ്ടിവരില്ല. അവർ അവിവേകികളിൽ നിന്ന് അകന്നുനിൽക്കുമെന്നും വ്യർഥമായ സംസാരം, കളവ് എന്നിവ ഒഴിവാക്കുമെന്നും ഇതിൽനിന്ന് മനസ്സിലാകുന്നു.

(നിങ്ങൾക്ക് സലാം) നിങ്ങൾ ഞങ്ങളിൽനിന്ന് നല്ലതല്ലാതെ ഒന്നും കേൾക്കില്ല. നിങ്ങളുടെ അറിവില്ലായ്മക്ക് അനുകൂലമായി ഞങ്ങൾ നിങ്ങളോട് സംസാരിക്കില്ല. ഈ നീചമായ അവസ്ഥ

നിങ്ങൾ സ്വയം ഇഷ്ടപ്പെട്ടാലും ഞങ്ങൾ അതിൽ പെടാതെ ഞങ്ങളെ സംരക്ഷിക്കുന്നു. വിട്ടു നിൽക്കുകയും ചെയ്യുന്നു. (മൂഢന്മാരെ ഞങ്ങൾക്ക് ആവശ്യമില്ല).

56) ഇവിടെ അല്ലാഹു പറയുന്നത്: ഹേ, മുഹമ്മദ്! ആരെയും നേർമാർഗത്തിലാക്കാൻ നിനക്കു കഴിയില്ല; അവൻ നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടവനാണെങ്കിൽ പോലും. അതിനു സാധ്യമല്ല. സന്മാർഗത്തിലാക്കുക എന്നത് സൃഷ്ടികളുടെ കഴിവുകൾക്ക് അപ്പുറമാണ്.

അതായത്, ഹൃദയങ്ങളിൽ വിശ്വാസം സൃഷ്ടിക്കുക എന്നത്. അത് അല്ലാഹുവിന് മാത്രം കഴിയുന്നതാണ്. അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗത്തിലാക്കുന്നു. ആരാണ് ഹിദായത്തിന് യോഗ്യൻ എന്ന് അവനറിയാം. യോഗ്യനല്ലാത്തവൻ തന്റെ വഴികേടിൽ തന്നെ അവശേഷിക്കും. പ്രവാചകൻ (സ്വ) ഹിദായത്തിലേക്ക് നയിക്കുന്നു എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം;

وَإِنَّكَ لَتَهْدِي إِلَىٰ صِرَاطٍ مُّسْتَقِيمٍ

“തീർച്ചയായും നീ നേരായ പാതയിലേക്കാവുന്നു മാർഗദർശനം നൽകുന്നത്”(42:52). അത് സന്മാർഗം വിശദീകരിച്ചുകൊടുക്കുകയും പഠിപ്പിക്കുകയും ചെയ്യുക എന്ന അർഥത്തിലാണ്. അപ്പോൾ പ്രവാചകൻ ശരിയായ മാർഗം വിശദീകരിച്ചുകൊടുക്കുന്നു. അതിന് പ്രോത്സാഹനം നൽകുന്നു. അതിനായി പരമാവധി പരിശ്രമിക്കുന്നു. അവരുടെ ഹൃദയങ്ങളിൽ വിശ്വാസം നട്ടുപിടിപ്പിക്കുകയും അതിനുസരിച്ച് പ്രവർത്തിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്നത് പ്രവാചകന് കഴിയുന്നല്ല.

ഹിദായത്ത് നൽകാൻ പ്രവാചകന് കഴിയുമായിരുന്നെങ്കിൽ അദ്ദേഹത്തിന് നന്മ ചെയ്യുകയും സഹായിക്കുകയും ശത്രുക്കളിൽനിന്ന് സംരക്ഷണം നൽകുകയും ചെയ്ത പിതൃവ്യൻ അബൂത്വാലിബിനെ സന്മാർഗത്തിലാക്കുമായിരുന്നു. എന്നാൽ ഗുണകാംക്ഷയോടെ അദ്ദേഹത്തോട് പ്രബോധനം ചെയ്യുകയും ദീൻ എത്തിച്ചുകൊടുക്കുകയും ചെയ്തു. തനിക്ക് പിതൃവ്യൻ ചെയ്തു തന്നതിനെക്കാൾ വലിയ നന്മ. പക്ഷേ, ഹിദായത്ത് നൽകാൻ അല്ലാഹുവിനേ കഴിയൂ.

57) ക്വുറൈശികളായ നിഷേധികളും മക്കക്കാരും നബിയോട് പറഞ്ഞതായി അല്ലാഹു പറയുന്നു: (നിന്നോടൊപ്പം ഞങ്ങൾ സന്മാർഗം പിന്തുടരുന്ന പക്ഷം ഞങ്ങളുടെ നാട്ടിൽനിന്ന് ഞങ്ങൾ എടുത്തെറിയപ്പെടും) കൊന്നും ബന്ധനസ്ഥരാക്കിയും കൊള്ളയടിച്ചും ഞങ്ങളെ നാട്ടിൽ നിന്ന് പുറത്താക്കും. കാരണം, ജനങ്ങൾ താങ്കളോട് അതിനുമാത്രം എതിർപ്പിലും ശത്രുതയിലുമാണ്.

ഞങ്ങളെങ്ങാനും താങ്കളെ പിന്തുടർന്നാൽ ജനങ്ങൾ മുഴുവനും ഞങ്ങളുടെ ശത്രുക്കളാകും. അത് ഞങ്ങൾക്ക് സഹിക്കാനാവില്ല. ഇതാണവരുടെ വാക്കുകൾ. അവർ വിചാരിക്കുന്നത് അല്ലാഹു അവന്റെ മതത്തെ സഹായിക്കില്ലെന്നും ആ മതം വിജയിക്കുകയില്ലെന്നുമാണ്. മതത്തിന്റെ ആളുകളുടെ മേൽ മറ്റുള്ളവർ അധികാരികളാകുമെന്നും അതിനാൽ അവർ അവരെ കഠിനമായി പീഡിപ്പിക്കുമെന്നും അങ്ങനെ അസത്യം സത്യത്തെ ജയിക്കുമെന്നും അവർ വിചാരിക്കുന്നു. എന്നാൽ മറ്റാർക്കും നൽകാത്ത, അവർക്ക് മാത്രം പ്രത്യേകമായി നൽകിയ കാര്യം വ്യക്തമാക്കി അല്ലാഹു പറയുന്നു: (നിർഭയമായ ഒരു പവിത്ര സങ്കേതം നാം അവർക്ക് അധീനപ്പെടുത്തി കൊടുത്തിട്ടില്ലേ? വസ്തുക്കളുടെയും ഫലങ്ങൾ അവിടേക്ക് ശേഖരിച്ചു കൊണ്ടുവരപ്പെടുന്നു. നമ്മുടെ പക്കൽനിന്നുള്ള ഉപജീവനമത്രെ അത്).

ഒരു സുരക്ഷിത സങ്കേതം നാം അവർക്ക് ഏർപ്പെടുത്തിക്കൊടുത്തു. അതായത്, ഹറം. അനേകം ആളുകൾ ഇടയ്ക്കിടെ സന്ദർശിക്കുന്ന സ്ഥലം. സന്ദർശകർ ലക്ഷ്യം വെക്കുന്ന സ്ഥലം. അതിനടുത്ത് താമസിക്കുന്നവരും വിദൂരത്തുള്ളവരും അതിനെ ആദരിക്കുന്നു. അവിടത്തെ ആളുകൾ അവിടെ പ്രശ്നമുണ്ടാക്കുന്നില്ല. അതിലവർ യാതൊരു കുറവും വരുത്തുന്നില്ല. അതിന് ചുറ്റുപാടുള്ള സ്ഥലങ്ങളാകട്ടെ, നാനാഭാഗത്തുനിന്നും ഭയത്താൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു. അവിടെയുള്ള ജനങ്ങൾ ഭയത്തിലും അസമാധാനത്തിലുമാണ്. അതിനാൽ ഈ നിർഭയത്വത്തിന് അവർ അല്ലാഹുവിനെ സ്തുതിക്കട്ടെ. അത് മറ്റുള്ളവർക്ക് ലഭിക്കാത്തതാണ്.

എല്ലാ സ്ഥലങ്ങളിൽനിന്നും അവർക്ക് പഴങ്ങൾ വരുന്നു; ഭക്ഷണ സാധനങ്ങളും ചരക്കുകളും. അതുകൊണ്ടവർ ഉപജീവനം നടത്തുന്നു. സമൃദ്ധി കൈവരിക്കുന്നു. അതിനാൽ ഈ ഐശ്വര്യവും നിർഭയത്വവും പൂർണമാവാൻ അവർ ഈ പ്രവാചകനെ പിൻപറ്റട്ടെ. ■

നസീമ വാടാനപ്പള്ളി

**കുടുംബനാഥ എന്ന നിലയ്ക്ക് പരുഷനെക്കാൾ കൂടുതലായി കുടുംബത്തിലുള്ളവരുടെ കാര്യം ശ്രദ്ധിക്കാൻ കഴിയുന്നവളും കഴിയേണ്ടവളുമാണ് സ്ത്രീ. അതോടൊപ്പം സ്വന്തം പരലോക രക്ഷയ്ക്ക് ആവശ്യമായ ആരാധനകൾ നിർവഹിക്കുവാൻ ഉത്സാഹിക്കുകയും വേണം. വീട്ടിലെ ജോലിത്തിരക്കുകൾക്കും ഉത്തരവാദിത്തങ്ങൾക്കുമിടയിൽ തന്നെ, നബി(സ്വ) കൺകുളിർമ ആസ്വദിച്ച, നമസ്കാരമാകുന്ന, തന്റെ റബ്ബുമായുള്ള സ്വകാര്യസംഭാഷണ നിർവഹണത്തിന് സഹോദരിമാർ ക്ഷമയോടെ ഒരുങ്ങാറുണ്ടോ?**




മനുഷ്യൻ തന്റെ ജീവിതലക്ഷ്യം തിരിച്ചറിയുക എന്നത് അനിവാര്യമാണ്. അല്ലാഹു പറയുന്നു: "ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല" (51:56).

മനുഷ്യന്റെ പരമമായ കടമ അല്ലാഹുവിനെ മാത്രം ആരാധിക്കുകയും, ലക്ഷ്യം അവന്റെ തൃപ്തി നേടിയെടുക്കുകയും ചെയ്യുക എന്നതായിരിക്കണം. നല്ല ക്ഷമാശീലമുള്ളവർക്കേ ഈ നേട്ടം കരഗതമാക്കാൻ കഴിയൂ. പണ്ഡിതന്മാർ ക്ഷമയെ പ്രധാനമായും മൂന്ന് ഇനമായി തിരിച്ചിരിക്കുന്നു:

ഒന്ന്) അല്ലാഹുവിനെ അനുസരിക്കുന്നതിലും അവന് ഇബാദത്ത് ചെയ്യുന്നതിലുമുള്ള ക്ഷമ.

രണ്ട്) തെറ്റുകളിൽനിന്നും വിട്ടുനിൽക്കാനുള്ള ക്ഷമ.

മൂന്ന്) പരീക്ഷണങ്ങളിലുള്ള ക്ഷമ.

ഒന്ന്) അല്ലാഹുവിനെ അനുസരിക്കുന്നതിലും അവന് ഇബാദത്ത് ചെയ്യുന്നതിലുമുള്ള ക്ഷമ.

"ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവത്രെ അവൻ. അതിനാൽ അവനെ താങ്കൾ ആരാധിക്കുകയും അവന്നുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചുനിൽക്കുകയും ചെയ്യുക. അവന്ന് പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയാമോ?"(ക്വുർആൻ 19:65).

"നിന്റെ കുടുംബത്തോട് നീ നമസ്കരിക്കാൻ കൽപിക്കുകയും അതിൽ (നമസ്കാരത്തിൽ) നീ ക്ഷമാപൂർവം ഉറച്ചുനിൽക്കുകയും ചെയ്യുക. നിന്നോട് നാം ഉപജീവനം ചോദിക്കുന്നില്ല. നാം നിനക്ക് ഉപജീവനം നൽകുകയാണ് ചെയ്യുന്നത്. ധർമനിഷ്ഠയ്ക്കാകുന്നു ശുഭ പര്യവസാനം" (20:132).

ഈ ക്വുർആൻ സൂക്തങ്ങളിൽനിന്നും ആരാധനയുടെ-വിശിഷ്യാ നമസ്കാരത്തിന്റെ- കാര്യത്തിൽ ക്ഷമ പാലിക്കേണ്ടതിന്റെയും അതിൽ ഉറച്ചുനിൽക്കേണ്ടതിന്റെയും പ്രാധാന്യം വളരെ വ്യക്തമാണ്.

പലരും തമാശയായി പറയാറുണ്ട്; മറന്നത് ഓർമ വരണമെങ്കിൽ നിസ്കാരത്തിൽ കൈ കെട്ടിയാൽ മതിയെന്ന്. ഇത് നമസ്കാരത്തി

ലെ ക്ഷമകേടിനെയും ഭക്തിയില്ലായ്മയെയുമാണ് കാണിക്കുന്നത്. അല്ലാഹുവിലേക്ക് മാത്രം ശ്രദ്ധകൊടുത്തുകൊണ്ട് മനസ്സും ശരീരവും ഒരുപോലെ പങ്കുവഹിക്കുന്ന ആരാധനയാണ് നമസ്കാരം. ആരാധനകളിൽ ഏറ്റവും ശ്രേഷ്ഠമായത്.

പരിശുദ്ധ ക്വുർആനിൽ അല്ലാഹു കപടവിശ്വാസികളുടെ നമസ്കാരത്തെക്കുറിച്ച് പറഞ്ഞത് ഇവിടെ പ്രത്യേകം എടുത്തുപറയേണ്ടതാണ്.

“...അവർ നമസ്കാരത്തിന് നിന്നാൽ ഉദാസീനരായിക്കൊണ്ടും ആളുകളെ കാണിക്കാൻ വേണ്ടിയുമാണ് നിൽക്കുന്നത്. കുറച്ച് മാത്രമെ അവർ അല്ലാഹുവെ ഓർമിക്കുകയുള്ളൂ” (4:142)

നമസ്കാരത്തിനു മുമ്പ് വുദൂഅ് ചെയ്യൽ അനിവാര്യമാണല്ലോ. ക്ഷമയോടെ വുദൂഅ് പൂർത്തിയാക്കാൻ കഴിയണം. കഴുകേണ്ട ഭാഗങ്ങൾ നന്നായി കഴുകാനുള്ള ക്ഷമയില്ല പലർക്കും.

കുടുംബനാഥ എന്ന നിലയ്ക്ക് പരുഷനെക്കാൾ കൂടുതലായി കുടുംബത്തിലുള്ളവരുടെ കാര്യം ശ്രദ്ധിക്കാൻ കഴിയുന്നവളും കഴിയേണ്ടവളുമാണ് സ്ത്രീ. അതോടൊപ്പം സ്വന്തം പരലോക രക്ഷയ്ക്ക് ആവശ്യമായ ആരാധനകൾ നിർവഹിക്കുവാൻ ഉത്സാഹിക്കുകയും വേണം. വീട്ടിലെ ജോലിത്തിരക്കുകൾക്കും ഉത്തരവാദിത്തങ്ങൾക്കുമിടയിൽ തന്നെ, നബി(സ്വ) കൺകുളിർമ ആസ്വദിച്ച, നമസ്കാരമാകുന്ന, തന്റെ റബ്ബുമായുള്ള സ്വകാര്യസംഭാഷണ നിർവഹണത്തിന് സഹോദരിമാർ ക്ഷമയോടെ ഒരുങ്ങാറുണ്ടോ?

*(തുടരും)*



കവിത

ശാനിദ ബിൻത് അഹ്മദ്, ഈങ്ങാപ്പുഴ

# മൗനത്തിൻ മാറ്റൊലി

മാതൃസ്നേഹത്തിൻ തൂവൽ സ്പർശം
മനസ്സിൽ നിന്നും
മായാ സ്പർശം.
ആ ഇളം തെന്നൽ
മൺമറഞ്ഞല്ലോ,
വാത്സല്യനാളം പൊലിഞ്ഞു പോയല്ലോ.
മനസ്സിലെന്നും ഉമ്മതന്നോർമകൾ
വിങ്ങലായ്, സങ്കടക്കടലായി നിൽപ്പൂ.
മൗനം തളംകെട്ടി നിൽപ്പാണു വീട്ടിൽ,
മോളേ എന്നൊരു
വിളിയില്ല വീട്ടിൽ.
മനസ്സിലുണ്ടെന്നും മാർഗദീപമായുമ്മ.
എന്നെക്കാൾ എന്നുടെ
പൈദാഹമറിയുന്ന
ഉമ്മ തൻ സ്നേഹത്തിൻ
പകരമെന്തുണ്ട്?
പ്രാർഥനയാലെന്റെ ഉമ്മയെ നെഞ്ചോടു
ചേർത്തു പിടിച്ചു ഞാൻ
നാളുകൾ നീക്കുന്നു.
■



മുഫീദ് പാലക്കാഴി
: 9207520344

# ഓൺ ലൈൻ ജീവിതം: നമ്മൾ അടിമകളാകുന്നുവോ?

ആധുനിക മനുഷ്യചരിത്രത്തിലെ ഏറ്റവും നിർണായകമായ ഒരു മാറ്റത്തിലൂടെയാണ് നാം കടന്നുപോകുന്നത്. നമ്മൾ ഒരു ഡിജിറ്റൽ അഡിക്ഷന് വിധേയമായ സമൂഹമാകുന്നുവോ എന്ന ചോദ്യം കേവലം സാങ്കേതികവിദ്യയുടെ ഉപയോഗത്തെക്കുറിച്ചുള്ളതല്ല; മറിച്ച് മനുഷ്യന്റെ ബോധം, സാമൂഹിക ഘടന, നാഡീവ്യവസ്ഥ എന്നിവയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സമൂലമായ മാറ്റത്തെക്കുറിച്ചുള്ള അന്വേഷണമാണ്. ഇന്റർനെറ്റ് ഇന്ന് ഒരു ബാഹ്യ ഉപകരണമല്ല, മറിച്ച് മനുഷ്യന്റെ ചിന്താശേഷിയുടെയും സാമൂഹിക ഇടപെടലുകളുടെയും ഒരു കൃത്രിമ അവയവമായി (Prosthetic Extension) മാറിയിരിക്കുന്നു.

**ഇന്ത്യൻ ഡിജിറ്റൽ വിപ്ലവം**
**കണക്കുകൾ പറയുന്ന സത്യങ്ങൾ**

ഇന്ത്യയുടെ ഡിജിറ്റൽ ഭൂപ്രകൃതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് കേവലമായ വളർച്ചയല്ല, മറിച്ച് ഒരു ഘടനാപരമായ മാറ്റമാണ്. 'ഇന്റർനെറ്റ് ആൻഡ് മൊബൈൽ അസോസിയേഷൻ ഓഫ്

> അമിതമായ സ്മാർട്ട്ഫോൺ ഉപയോഗം മസ്തിഷ്കത്തിന്റെ ഭൗതിക ഘടനയിൽ തന്നെ മാറ്റങ്ങൾ വരുത്തുന്നതായി എം. ആർ.ഐ (MRI) പഠനങ്ങൾ തെളിയിക്കുന്നു. ഇന്റർനെറ്റ് അഡിക്ഷനുള്ള വ്യക്തികളിൽ ഡോർസോലാറ്ററൽ പ്രീഫ്രോണ്ടൽ കോർട്ടെക്സ് (DLPFC), ഓർബിറ്റോഫ്രോണ്ടൽ കോർട്ടെക്സ്, ആന്റീരിയർ സിംഗുലേറ്റ് കോർട്ടെക്സ് (ACC) എന്നിവിടങ്ങളിൽ ഗ്രേ മാറ്ററിന്റെ (Gray Matter) അളവ് കുറയുന്നതായി കണ്ടെത്തിയിട്ടുണ്ട്. തീരുമാനങ്ങൾ എടുക്കുക, വികാരങ്ങളെ നിയന്ത്രിക്കുക, ആസൂത്രണം ചെയ്യുക എന്നിവയ്ക്ക് ഉത്തരവാദിയായ ഭാഗമാണിത്. ഇതിന്റെ ശോഷണം, ഫോൺ ഉപയോഗം നിയന്ത്രിക്കാനുള്ള വ്യക്തിയുടെ കഴിവിനെ ദുർബലപ്പെടുത്തുന്നു.

ഇന്ത്യ' (IAMAI), കാന്താർ (Kantar) എന്നിവ സംയുക്തമായി തയ്യാറാക്കിയ 'ഇന്റർനെറ്റ് ഇൻ ഇന്ത്യ റിപ്പോർട്ട് 2024' പ്രകാരം, ഇന്ത്യയിലെ സജീവ ഇന്റർനെറ്റ് ഉപയോക്താക്കളുടെ എണ്ണം 2024ൽ 886 ദശലക്ഷത്തിൽ എത്തിയിരിക്കുന്നു. ഇത് മുൻവർഷത്തെ അപേക്ഷിച്ച് 8% വളർച്ചയാണ് രേഖപ്പെടുത്തുന്നത്. 2025 ഓടെ ഇന്ത്യയിലെ ഇന്റർനെറ്റ് ഉപയോക്താക്കളുടെ എണ്ണം 900 ദശലക്ഷം കടക്കുമെന്ന് കണക്കാക്കപ്പെടുന്നു.

**ഗ്രാമീണ ഇന്ത്യയുടെ മുന്നേറ്റം**

ഈ വളർച്ചയുടെ ഏറ്റവും വലിയ പ്രത്യേകത അതിന്റെ ഉറവിടമാണ്. നഗരങ്ങളെക്കാൾ കൂടുതൽ ഇന്റർനെറ്റ് ഉപയോക്താക്കൾ ഇന്ന് ഗ്രാമീണ ഇന്ത്യയിലാണുള്ളത്. 488 ദശലക്ഷം ഉപയോക്താക്കളുമായി മൊത്തം ഇന്റർനെറ്റ് ജനസംഖ്യയുടെ 55% ഗ്രാമീണ മേഖലയിൽ നിന്നാണ്. ഇത് ഡിജിറ്റൽ അഡിക്ഷൻ എന്നത് നഗരങ്ങളിലെ വരേണ്യവർഗത്തിന്റെ മാത്രം പ്രശ്നമല്ലെന്നും, അത് ഗ്രാമങ്ങളിലെ സാധാരണക്കാരിലേക്കും വ്യാപിച്ചിരിക്കുന്നുവെന്നും വ്യക്തമാക്കുന്നു.

IAMAI & Kantar റിപ്പോർട്ട് ഡാറ്റ പ്രകാരം ഇന്ത്യയിലെ ഇന്റർനെറ്റ് ഉപയോക്താക്കളുടെ വളർച്ച 2019 ൽ 46% ആയിരുന്നെങ്കിൽ 2025 ആയപ്പോൾ 55% ന് മുകളിലേക്ക് വർധിച്ചതായി കാണാം.

ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ ഇന്റർനെറ്റ് ഉപയോഗത്തിലും വർധനവുണ്ട്. ഗ്രാമങ്ങളിലെ സ്ത്രീകളിൽ 58% പേരും പങ്കിട്ട ഉപകരണങ്ങൾ (Shared Devices) വഴിയാണ് ഇന്റർനെറ്റ് ഉപയോഗിക്കുന്നത്. ഇത് സൂചിപ്പിക്കുന്നത്, വ്യക്തിഗത ഫോണുകൾ ലഭ്യമല്ലെങ്കിൽ പോലും, ഡിജിറ്റൽ ലോകവുമായുള്ള സമ്പർക്കം അനിവാര്യമായി മാറിയിരിക്കുന്നു എന്നാണ്.

**ഭാഷയും പ്രാദേശികതയും**

ഇന്ത്യക്കാരെ ഡിജിറ്റൽ ലോകത്തേക്ക് കൂടുതൽ അടുപ്പിക്കുന്ന പ്രധാന ഘടകം പ്രാദേശിക ഭാഷകളിലുള്ള ഉള്ളടക്കത്തിന്റെ ലഭ്യതയാണ്. 98% ഇന്റർനെറ്റ് ഉപയോക്താക്കളും ഇന്ത്യൻ ഭാഷകളിലാണ് ഡിജിറ്റൽ ഉള്ളടക്കം ആസ്വദിക്കുന്നത്. തമിഴ്, തെലുങ്ക്, മലയാളം തുടങ്ങിയ ഭാഷകളിലുള്ള ഉള്ളടക്കത്തിന്റെ ലഭ്യത, ഭാഷാപരമായ തടസ്സങ്ങളെ ഇല്ലാതാക്കുകയും സ്ക്രീൻ സമയം വർധിപ്പിക്കുകയും ചെയ്യുന്നു. നഗരപ്രദേശങ്ങളിൽ പോലും 57% ഉപയോക്താക്കൾ പ്രാദേശിക ഭാഷാ ഉള്ളടക്കമാണ് ഇഷ്ടപ്പെടുന്നത്. ഇത് ഇന്റർനെറ്റിനെ ഒരു 'വിവര സാങ്കേതിക വിദ്യ' എന്നതിലുപരി ഒരു 'വിനോദ ഉപാധി' (Entertainment Medium) ആയി മാറ്റുന്നു.

**സ്ക്രീൻ സമയം; ആഗോള താരതമ്യം**

ഒരു ഇന്ത്യക്കാരൻ ശരാശരി എത്ര സമയം സ്ക്രീനിന് മുന്നിൽ ചെലവഴിക്കുന്നു എന്നത് ഞെട്ടിക്കുന്ന കണക്കുകളാണ് നൽകുന്നത്. 2024ലെ കണക്കുകൾ പ്രകാരം, ഇന്ത്യക്കാർ ഒരു ദിവസം ശരാശരി 6 മണിക്കൂർ 45 മിനുട്ട് സ്ക്രീനുകൾക്ക് മുന്നിൽ ചെലവഴിക്കുന്നു. ഇത് ആഗോള ശരാശരിയായ 6 മണിക്കൂർ 38 മിനുട്ടിന് (അല്ലെങ്കിൽ ചില റിപ്പോർട്ടുകൾ പ്രകാരം 6 മണിക്കൂർ 45 മിനിറ്റ്) ഒപ്പമോ അതിനു മുകളിലോ ആണ്. തായ്‌ലൻഡ്, ഫിലിപ്പീൻസ് തുടങ്ങിയ രാജ്യങ്ങൾ മാത്രമാണ് ഇന്ത്യയെക്കാൾ മുന്നിലുള്ളത്.

**അഡിക്ഷന്റെ നാഡീശാസ്ത്രം**

എന്തുകൊണ്ടാണ് നമ്മൾ സ്ക്രീനുകളിൽ നിന്ന് കണ്ണെടുക്കാൻ കഴിയാതെ വിഷമിക്കുന്നത്? ഇതിന്റെ ഉത്തരം നമ്മുടെ മസ്തിഷ്കത്തിന്റെ ഘടനയിലും പ്രവർത്തനത്തിലുമാണ് കുടി

കൊള്ളുന്നത്. ഡിജിറ്റൽ അഡിക്ഷൻ എന്നത് വെറുമൊരു സ്വഭാവ വൈകല്യമല്ല, മറിച്ച് മസ്തിഷ്കത്തിൽ സംഭവിക്കുന്ന രാസപരവും ഘടനാപരവുമായ മാറ്റമാണ്.

**ഡോപാമിൻ ലൂപ്പും വേരിയബിൾ റിവാർഡും**

സ്റ്റാൻഫോർഡ് സൈക്യാട്രിസ്റ്റ് അന്ന ലെംബ്കെ (Anna Lembke) വിശദീകരിക്കുന്നതുപോലെ, ആധുനിക ഡിജിറ്റൽ അഡിക്ഷന്റെ അടിസ്ഥാനം 'ഡോപാമിൻ' (Dopamine) എന്ന ന്യൂറോട്രാൻസ്മിറ്ററാണ്. അതിജീവനം ഉറപ്പാക്കുന്ന പ്രവൃത്തികൾ (ഭക്ഷണം കണ്ടെത്തുക, ഇണയെ കണ്ടെത്തുക) ചെയ്യുമ്പോൾ മസ്തിഷ്കം നൽകുന്ന പാരിതോഷികമാണ് ഡോപാമിൻ. എന്നാൽ, സോഷ്യൽ മീഡിയയും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും ഈ സംവിധാനത്തെ ഹൈജാക്ക് ചെയ്യുന്നു.

ബി.എഫ്. സ്കിന്നർ (B.F. Skinner) അവതരിപ്പിച്ച 'വേരിയബിൾ റേഷ്യോ ഷെഡ്യൂൾ ഓഫ് റൈൻഫോഴ്സ്മെന്റ്' (Variable Ratio Schedule of Reinforcement) എന്ന തത്ത്വമാണ് ഇവിടെ പ്രവർത്തിക്കുന്നത്. നാം ഫോൺ പരിശോധിക്കുമ്പോൾ എന്ത് ലഭിക്കുമെന്ന് നമുക്കറിയില്ല; അതൊരു പ്രധാന ഇമെയിൽ ആകാം, സുഹൃത്തിന്റെ ലൈക്ക് ആകാം, അല്ലെങ്കിൽ രസകരമായ ഒരു വീഡിയോ ആകാം. ഈ 'അനിശ്ചിതത്വം' (Uncertainty) മസ്തിഷ്കത്തിൽ കൂടുതൽ ഡോപാമിൻ ഉത്പാദിപ്പിക്കുന്നു. പ്രവചിക്കാൻ കഴിയാത്ത പ്രതിഫലം ലഭിക്കുമെന്ന പ്രതീക്ഷയാണ് നമ്മളെ വീണ്ടും വീണ്ടും ഫോൺ നോക്കാൻ പ്രേരിപ്പിക്കുന്നത്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്മാർട്ട്ഫോൺ നിരോധിക്കുന്നത് ആഗോളതലത്തിൽ വർധിച്ചു വരികയാണ്. 2024 അവസാനത്തോടെ, ആഗോളതലത്തിൽ 40% സ്കൂളുകളിൽ സ്മാർട്ട്ഫോൺ നിരോധിച്ചിട്ടുണ്ട്. ഇന്ത്യയിലും ഇതിനുള്ള നീക്കങ്ങൾ നടക്കുന്നുണ്ട്. ഗുജറാത്ത് സർക്കാർ പ്രൈമറി സ്കൂളുകളിൽ മൊബൈൽ നിരോധിക്കാൻ തീരുമാനിച്ചു. ഡൽഹി ഹൈക്കോടതിയും സ്കൂളുകളിലെ ഫോൺ ഉപയോഗത്തിന് നിയന്ത്രണങ്ങൾ വേണമെന്ന് നിർദേശിച്ചിട്ടുണ്ട്.

**മസ്തിഷ്ക ഘടനയിലെ മാറ്റങ്ങൾ**

അമിതമായ സ്മാർട്ട്ഫോൺ ഉപയോഗം മസ്തിഷ്കത്തിന്റെ ഭൗതിക ഘടനയിൽ തന്നെ മാറ്റങ്ങൾ വരുത്തുന്നതായി എം. ആർ.ഐ (MRI) പഠനങ്ങൾ തെളിയിക്കുന്നു.

ഇന്റർനെറ്റ് അഡിക്ഷനുള്ള വ്യക്തികളിൽ ഡോർസോലാറ്ററൽ പ്രീഫ്രോണ്ടൽ കോർട്ടെക്സ് (DLPFC), ഓർബിറ്റോഫ്രോണ്ടൽ കോർട്ടെക്സ്, ആന്റീരിയർ സിംഗുലേറ്റ് കോർട്ടെക്സ് (ACC) എന്നിവിടങ്ങളിൽ ഗ്രേ മാറ്ററിന്റെ (Gray Matter) അളവ് കുറയുന്നതായി കണ്ടെത്തിയിട്ടുണ്ട്. തീരുമാനങ്ങൾ എടുക്കുക, വികാരങ്ങളെ നിയന്ത്രിക്കുക, ആസൂത്രണം ചെയ്യുക എന്നിവയ്ക്ക് ഉത്തരവാദിയായ ഭാഗമാണിത്. ഇതിന്റെ ശോഷണം, ഫോൺ ഉപയോഗം നിയന്ത്രിക്കാനുള്ള വ്യക്തിയുടെ കഴിവിനെ ദുർബലപ്പെടുത്തുന്നു.

പ്രവർത്തനക്ഷമതയിലെ മാറ്റങ്ങൾ (Altered Functional Connectivity): അമിതമായ സ്മാർട്ട്ഫോൺ ഉപയോഗം മസ്തിഷ്കത്തിലെ വിവിധ ഭാഗങ്ങൾ തമ്മിലുള്ള ആശയവിനിമയത്തെ ബാധിക്കുന്നു. ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള കഴിവിനെ ഇത് പ്രതികൂലമായി ബാധിക്കുന്നു.

**ഉറക്കവും നീല വെളിച്ചവും**

സ്മാർട്ട്ഫോണുകളിൽ നിന്നുള്ള നീല വെളിച്ചം ഉറക്കത്തെ നിയന്ത്രിക്കുന്ന മെലറ്റോണിൻ (Melatonin) എന്ന ഹോർമോണിന്റെ ഉത്പാദനത്തെ തടസ്സപ്പെടുത്തുന്നു. ഇത് കേവലം ഉറക്കം നഷ്ടപ്പെടുത്തുക മാത്രമല്ല ചെയ്യുന്നത്; മറിച്ച്, ഇത് ഡോപാമിൻ, സെറോടോണിൻ തുടങ്ങിയ മറ്റ് രാസവസ്തുക്കളുടെ പ്രവർത്തനത്തെയും ബാധിക്കുന്നു. കൗമാരക്കാരിൽ ഇത് വികാരനിയന്ത്രണത്തെ (Emotional Regulation) ദുർബലപ്പെടുത്തുകയും മാനസിക സമ്മർദം വർധിപ്പിക്കുകയും ചെയ്യുന്നു.

**അഡിക്ഷൻ എന്ന എഞ്ചിനീയറിംഗ്**

നമ്മുടെ ഓൺലൈൻ അഡിക്ഷൻ അവസ്ഥ യാദൃച്ഛികമല്ല, മറിച്ച് സാങ്കേതിക കമ്പനികൾ ബോധപൂർവം രൂപകൽപന ചെയ്തതാണ്. ഉപയോക്താക്കളെ പിടിച്ചുനിർത്താൻ 'ഹുക്ക് മോഡൽ' (Hook Model), 'ഡാർക്ക് പാറ്റേണുകൾ' (Dark Patterns) തുടങ്ങിയ തന്ത്രങ്ങൾ അവർ ഉപയോഗിക്കുന്നു.

നിർ ഇയാൽ (Nir Eyal) വികസിപ്പിച്ചെടുത്ത 'ഹുക്ക് മോഡൽ' നാല് ഘട്ടങ്ങളിലൂടെയാണ് ഒരു ശീലം രൂപപ്പെടുത്തുന്നത് :

1. ട്രിഗർ (Trigger): ബാഹ്യമായ അറിയിപ്പുകൾ (Notifications) അല്ലെങ്കിൽ ആന്തരികമായ വികാരങ്ങൾ (ഏകാന്തത, മുഷിച്ചിൽ). ഉദാഹരണത്തിന്, ഏകാന്തത അനുഭവപ്പെടുമ്പോൾ ഇൻസ്റ്റാഗ്രാം തുറക്കുന്നത് ഒരു ആന്തരിക ട്രിഗറാണ്.
2. പ്രവൃത്തി (Action): ട്രിഗറിനോട് പ്രതികരിച്ചുകൊണ്ട് ചെയ്യുന്ന ലളിതമായ പ്രവൃത്തി (ഉദാ: സ്ക്രോൾ ചെയ്യുക, ക്ലിക്ക് ചെയ്യുക).
3. വേരിയബിൾ റിവാർഡ് (Variable Reward): പ്രവൃത്തിക്ക് ലഭിക്കുന്ന പ്രവചനാതീതമായ പ്രതിഫലം (ലൈക്കുകൾ, കമന്റുകൾ).
4. നിക്ഷേപം (Investment): പ്ലാറ്റ്ഫോമിൽ ഉപയോക്താവ് നടത്തുന്ന നിക്ഷേപം (ഫോട്ടോ അപ്ലോഡ് ചെയ്യുക, പ്രൊഫൈൽ ഉണ്ടാക്കുക). ഇത് ഉപയോക്താവിനെ പ്ലാറ്റ്ഫോമുമായി കൂടുതൽ അടുപ്പിക്കുന്നു.

ഉപയോക്താവിന്റെ താല്പര്യത്തിന് വിരുദ്ധമായി അവരെക്കൊണ്ട് കാര്യങ്ങൾ ചെയ്യിക്കുന്ന ഡിസൈൻ തന്ത്രങ്ങളാണ് ഡാർക്ക് പാറ്റേണുകൾ.

1. ഇൻഫിനിറ്റ് സ്ക്രോൾ (Infinite Scroll): പേജുകൾ അവസാനിക്കാത്ത രീതിയിലുള്ള രൂപകൽപന. ഇത് ഉപയോക്താവിന് 'നിർത്താനുള്ള സൂചന' നൽകുന്നില്ല. തൽഫലമായി, ഉപയോക്താവ് അറിയാതെ മണിക്കൂറുകൾ സ്ക്രീനിൽ ചെലവഴിക്കുന്നു.
2. ഓട്ടോ പ്ലേ: ഒരു വീഡിയോ കഴിയുമ്പോൾ അടുത്തത് തനിയെ പ്ലേ ആകുന്നത് ഉപയോക്താവിന്റെ തിരഞ്ഞെടുക്കാനുള്ള അവസരത്തെ ഇല്ലാതാക്കുന്നു.

ഈ സാങ്കേതികവിദ്യകളുടെ ഫലമായി മനുഷ്യന്റെ ശ്രദ്ധാകേന്ദ്രം (Attention Span) ക്രമാതീതമായി കുറഞ്ഞുവരികയാണ്. ഡോ. ഗ്ലോറിയ മാർക്കിന്റെ (Gloria Mark) പഠനങ്ങൾ പ്രകാരം, 2004ൽ ഒരു സ്ക്രീനിൽ ശരാശരി 2.5 മിനുട്ട് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന മനുഷ്യൻ, 2024 ആയപ്പോഴേക്കും വെറും 47 സെക്കൻഡ് മാത്രമാണ് ഒരു സ്ക്രീനിൽ ശ്രദ്ധിക്കുന്നത്. ഒരു തടസ്സത്തിന് ശേഷം (Interruption) പഴയ ശ്രദ്ധയിലേക്ക് തിരിച്ചെത്താൻ ശരാശരി 25 മിനുട്ട് വരെ വേണ്ടിവരുന്നു. ഇത് നമ്മുടെ ഉൽപാദനക്ഷമതയെയും ചിന്താശേഷിയെയും ഗുരുതരമായി ബാധിക്കുന്നു.

**സാമൂഹിക പ്രത്യാഘാതങ്ങൾ**

*ബന്ധങ്ങളിലെ വിള്ളലുകൾ:*

ഡിജിറ്റൽ അഡിക്ഷൻ വ്യക്തികളെ മാത്രമല്ല, സാമൂഹിക ബന്ധങ്ങളെയും കുടുംബഘടനയെയും തകർക്കുന്നു.

*ഫബ്ബിംഗ് (Phubbing): ഇത് ബന്ധങ്ങളുടെ ഘാതകനാണ്.*

ഇണയുമായോ സുഹൃത്തുക്കളുമായോ മറ്റോ സംസാരിക്കുമ്പോൾ അവരെ അവഗണിച്ച് ഫോണിൽ നോക്കുന്ന പ്രവണതയെയാണ് 'ഫബ്ബിംഗ്' എന്ന് വിളിക്കുന്നത്. 2025ലെ മെറ്റാ-അനാലിസിസ് പഠനങ്ങൾ സൂചിപ്പിക്കുന്നത്, ഫബ്ബിംഗ് ദാമ്പത്യബന്ധങ്ങളിലെ സംതൃപ്തിയെയും അടുപ്പത്തെയും പ്രതികൂലമായി ബാധിക്കുന്നു എന്നാണ്. പങ്കാളി ഫോണിൽ മുഴുകുമ്പോൾ, മറ്റെയാൾക്ക് താൻ അവഗണിക്കപ്പെട്ടതായും പ്രാധാന്യമില്ലാത്തതായും തോന്നുന്നു. ഇത് 'അറ്റാച്ച്മെന്റ് ആങ്സൈറ്റി' (Attachment Anxiety) വർധിപ്പിക്കുകയും ബന്ധങ്ങളിൽ വിള്ളലുണ്ടാക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ കുടുംബങ്ങളിൽ, സ്മാർട്ട്ഫോൺ 'മൂന്നാമതൊരാളായി' കടന്നുവരുന്നത് വലിയ അസ്വാരസ്യങ്ങൾക്ക് കാരണമാകുന്നുണ്ട്.

**ഫോമോ (FOMO)**

'മറ്റുള്ളവർ എന്തോ രസകരമായ കാര്യങ്ങൾ ചെയ്യുന്നു, ഞാൻ അത് നഷ്ടപ്പെടുത്തുന്നു' എന്ന ഭയമാണ് FOMO (Fear of Missing Out). സോഷ്യൽ മീഡിയ അഡിക്ഷനും FOMOയും തമ്മിൽ പരസ്പര ബന്ധമുണ്ട്. മറ്റുള്ളവരുടെ 'അതിശയോക്തി കലർന്ന' ജീവിതങ്ങൾ സ്ക്രീനിൽ കാണുമ്പോൾ, സ്വന്തം ജീവിതം മോശമാണെന്ന തോന്നൽ ഉണ്ടാകുന്നു. ഇത് വിഷാദത്തിലേക്കും ഉത്കണ്ഠയിലേക്കും നയിക്കുന്നു.

**ജെൻ-സി പ്രവണതകൾ**

ഇന്ത്യയിലെ 377 ദശലക്ഷം വരുന്ന ജെൻ-സി തലമുറ ഡിജിറ്റൽ ലോകത്താണ് ജീവിക്കുന്നതെങ്കിലും, അവർക്കിടയിൽ മാറ്റത്തിന്റെ സൂചനകളും കാണാം. പരമ്പരാഗത സോഷ്യൽ മീഡിയകളിൽ നിന്ന് മാറി, പോഡ്കാസ്റ്റുകൾ, സ്ട്രീമിംഗ് തുടങ്ങിയ 'ഓപ്പൺ ഇന്റർനെറ്റ്' പ്ലാറ്റ്ഫോമുകളിലേക്ക് അവർ നീങ്ങുന്നു. മാനസികാരോഗ്യത്തിന് മുൻഗണന നൽകുന്നതിന്റെ ഭാഗമായി ചില യുവാക്കൾ സ്മാർട്ട്ഫോ

ണുകൾ ഉപേക്ഷിച്ച് പഴയതരം 'ഡംബ് ഫോണുകൾ' (Dumbphones) ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. ആഗോളതലത്തിൽ ഇത്തരം ഫോണുകളുടെ വിൽപനയിൽ വലിയ വർധനവാണ് രേഖപ്പെടുത്തുന്നത്.

**പ്രതിരോധവും നിയന്ത്രണവും**

'Always Online' അവസ്ഥ സൃഷ്ടിക്കുന്ന അപകടങ്ങളെ തിരിച്ചറിഞ്ഞ് ലോകമെമ്പാടും പ്രതിരോധ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിൽ പെട്ടതാണ് താഴെ പറയുന്നവ:

**സ്കൂളുകളിലെ സ്മാർട്ട്ഫോൺ നിരോധനം.**

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്മാർട്ട്ഫോൺ നിരോധിക്കുന്നത് ആഗോളതലത്തിൽ വർധിച്ചുവരികയാണ്. 2024 അവസാനത്തോടെ, ആഗോളതലത്തിൽ 40% സ്കൂളുകളിൽ സ്മാർട്ട്ഫോൺ നിരോധിച്ചിട്ടുണ്ട്. ഇന്ത്യയിലും ഇതിനുള്ള നീക്കങ്ങൾ നടക്കുന്നുണ്ട്. ഗുജറാത്ത് സർക്കാർ പ്രൈമറി സ്കൂളുകളിൽ മൊബൈൽ നിരോധിക്കാൻ തീരുമാനിച്ചു. ഡൽഹി ഹൈക്കോടതിയും സ്കൂളുകളിലെ ഫോൺ ഉപയോഗത്തിന് നിയന്ത്രണങ്ങൾ വേണമെന്ന് നിർദേശിച്ചിട്ടുണ്ട്. പഠനത്തെ ബാധിക്കുന്നു, സൈബർ ബുള്ളിയിംഗ് (Cyberbullying) വർദ്ധിക്കുന്നു തുടങ്ങിയ കാരണങ്ങളാണ് ഇതിന് പിന്നിൽ. എന്നാൽ, ഗ്രാമീണ മേഖലകളിൽ ഓൺലൈൻ പഠനത്തിന് ഏക ആശ്രയം ഫോണുകളാണെന്നത് നിരോധനത്തിന് വെല്ലുവിളിയാകുന്നുണ്ട്.

**ഡിജിറ്റൽ ഡിറ്റോക്സ്** (Digital Detox)

'ഡിജിറ്റൽ ഡിറ്റോക്സ്' അഥവാ ഡിജിറ്റൽ ഉപകരണങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്ന പ്രവണത ഇന്ത്യയിൽ ഒരു വലിയ ടൂറിസം വ്യവസായമായി വളരുകയാണ്. 2024-ൽ ആഗോള ഡിജിറ്റൽ ഡിറ്റോക്സ് വിപണി 52 ബില്യൺ ഡോളറിലധികം വലിപ്പമുള്ളതാണ്. കേരളത്തിലെ പല റിസോർട്ടുകളും വൈഫൈ (Wi-Fi) ഇല്ലാത്ത പാക്കേജുകൾ വാഗ്ദാനം ചെയ്യുന്നു. മൂന്ന് ആഴ്ചത്തെ സ്ക്രീൻ സമയ നിയന്ത്രണം പോലും വിഷാദം, സമ്മർദം എന്നിവ കുറയ്ക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. എന്നാൽ, ഡിറ്റോക്സിന് ശേഷം വീണ്ടും പഴയതിനേക്കാൾ കൂടുതൽ സമയം സ്ക്രീനിൽ ചെലവഴിക്കുന്ന 'റീബൗണ്ട് ഇഫക്റ്റ്' (Rebound Effect) ഒരു വെല്ലുവിളിയാണ്.

**ഭാവിയിലേക്കുള്ള നോട്ടം - മെറ്റാവേഴ്സും പരിണാമവും**

2030-ലേക്ക് നോക്കുമ്പോൾ, നാം 'Always Online' എന്നതിൽ നിന്ന് 'പൂർണമായും ഡിജിറ്റൽ' (Fully Immersive) എന്ന അവസ്ഥയിലേക്ക് മാറിയേക്കാം.

മെറ്റാവേഴ്സ് വരുന്നതോടെ ഇന്റർനെറ്റ് എന്നത് നോക്കാനുള്ള ഒന്നല്ല, മറിച്ച് ജീവിക്കാനുള്ള ഇടമായി മാറും. 2030-ഓടെ വാണിജ്യത്തിന്റെയും വിനോദത്തിന്റെയും വലിയൊരു ഭാഗം മെറ്റാവേഴ്സിലേക്ക് മാറുമെന്ന് പ്രവചിക്കപ്പെടുന്നു. ഡേവിഡ് ചാൽമേഴ്സിനെ (David Chalmers) പോലെയുള്ള തത്ത്വചിന്തകർ വാദിക്കുന്നത്, വെർച്വൽ റിയാലിറ്റിയിലെ ജീവിതവും 'യഥാർത്ഥ' ജീവിതം പോലെ തന്നെ അർഥപൂർണമാണെന്നാണ്. എന്നാൽ, ഇത് ഭൗതിക ലോകവുമായുള്ള നമ്മുടെ ബന്ധത്തെ പൂർണമായും വിച്ഛേദിച്ചേക്കാം.

നിരന്തരമായ കണക്റ്റിവിറ്റി മനുഷ്യ മസ്തിഷ്കത്തിന്റെ പരിണാമത്തെ (Evolution) തന്നെ സ്വാധീനിക്കുന്നുണ്ടാകാം. വിവരങ്ങൾ സൂക്ഷിച്ചുവെക്കുന്നതിനേക്കാൾ (Storage), വിവരങ്ങൾ വേഗത്തിൽ സംയോജിപ്പിക്കുന്നതിനും (Integration) കണ്ടെത്തുന്നതിനും മസ്തിഷ്കം മുൻഗണന നൽകുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. അതായത്, നാം വിവരങ്ങളുടെ 'സംഭരണികൾ' എന്നതിൽ നിന്ന് വിവരങ്ങളുടെ 'റൂട്ടറുകൾ' (Routers) ആയി മാറിക്കൊണ്ടിരിക്കുകയാണ്.


നമ്മൾ ഒരു 'Always Online' സമൂഹമായി മാറുന്നുവോ എന്ന ചോദ്യത്തിന് 'അതെ, നാം മാറിക്കഴിഞ്ഞു' എന്ന് നിസ്സംശയം പറയാം.

ഇന്ത്യയിലെ 900 ദശലക്ഷം വരുന്ന ഇന്റർനെറ്റ് ഉപയോക്താക്കൾ, ഗ്രാമീണ മേഖലയിലെ ഡിജിറ്റൽ മുന്നേറ്റം, ചുരുങ്ങിവരുന്ന ശ്രദ്ധാകേന്ദ്രം (Attention Span), മസ്തിഷ്ക ഘടനയിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവയെല്ലാം വിരൽ ചൂണ്ടുന്നത് ഈ യാഥാർഥ്യത്തിലേക്കാണ്. നമ്മുടെ ബന്ധങ്ങൾ പോലും ഇപ്പോൾ സ്ക്രീനുകളിലൂടെയാണ് നിർവചിക്കപ്പെടുന്നത്.

എങ്കിലും, 'ഡംബ് ഫോൺ' വിപ്ലവവും ഡിജിറ്റൽ ഡിറ്റോക്സ് പ്രവണതകളും നൽകുന്ന സൂചന, സമൂഹം ഈ മാറ്റത്തിനെതിരെ പ്രതികരിച്ചു തുടങ്ങിയിരിക്കുന്നു എന്നാണ്. സാങ്കേതികവിദ്യയെ പൂർണമായും ഉപേക്ഷിക്കുക എന്നതല്ല പരിഹാരം, മറിച്ച് 'അതിന്റെ ഉപയോഗത്തിൽ ബോധപൂർവമായ നിയന്ത്രണം (Intentional Usage) കൊണ്ടുവരിക എന്നതാണ്.

ശമീർ മദീനി
: 9048 221 212

**പിശാചിന്റെ ചതിക്കുഴികൾ-15**



# പ്രവാചകന്മാർ ഇല്ലായിരുന്നെങ്കിൽ...!

മനുഷ്യന്റെ അറിവും ചിന്തകളും സങ്കൽപങ്ങളുമെല്ലാം വ്യത്യസ്തങ്ങളാണ്. കൃത്യമായ മാർഗനിർദേശങ്ങൾ നൽകിയിട്ടില്ലെങ്കിൽ മനുഷ്യൻ പലതരം അപചയങ്ങളിൽ അകപ്പെടും എന്നത് അറിയപ്പെട്ട സംഗതിയാണ്. അതിനാൽ കൃത്യമായ മാർഗനിർദേശങ്ങൾ നൽകിക്കൊണ്ട് അല്ലാഹു വിവിധ കാലങ്ങളിൽ വ്യത്യസ്ത സമൂഹങ്ങളിലേക്ക് പ്രവാചകന്മാരെ നിയോഗിച്ചയച്ചിട്ടുണ്ട്. നന്മയുടെ വക്താക്കൾക്ക് സന്തോഷവാർത്ത അറിയിക്കുവാനും തിന്മയുടെ ആളുകൾക്ക് താക്കീതും മുന്നറിയിപ്പും നൽകുവാനും അപ്രകാരം തന്നെ ആളുകൾക്കിടയിൽ നീതിപൂർവം തീർപ്പുകൽപിക്കുവാനുമൊക്കെയായിട്ടാണ് ദൂതന്മാരെ അല്ലാഹു അയച്ചത്.

അല്ലാഹു പറയുന്നു: “സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീത് നൽകുന്നവരുമായ ദൂതൻമാരായിരുന്നു അവർ. ആ ദൂതൻമാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു” (4:165).

“മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം (അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും (നിഷേധികൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകൻമാരെ നിയോഗിച്ചു. അവർ (ജനങ്ങൾ) ഭിന്നിച്ച വിഷയത്തിൽ തീർപ്പുകൽപിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചുകൊടുത്തു...” (2:213).

വഹ്‌യിന്റെ അതിർവരമ്പുകൾ പാലിച്ച് പ്രവാചകൻമാർ കാണിച്ച വഴികളിലൂടെ സഞ്ചരിക്കാൻ സാധിച്ചില്ലെങ്കിൽ വലിയ അബദ്ധങ്ങളും അപകടങ്ങളും വരുത്തിവെക്കുന്ന വഴികേടിലേക്ക് പിശാച് മനുഷ്യനെ അതിവിദഗ്ധമായി കൊണ്ടുപോകും.

നമുക്ക് സങ്കൽപിക്കുവാൻ പോലും കഴിയാത്ത പലതരം ആചാരങ്ങളാണ് വിവിധ സമൂഹങ്ങളിൽ നിലനിന്നിരുന്നത്. ഇബ്നുൽ ജൗസി(റഹി) തന്റെ 'തൽബീസു ഇബ്‌ലീസ്' എന്ന ഗ്രന്ഥത്തിൽ (പേജ് 81, 82) അതിന്റെ പല ഉദാഹരണങ്ങളും വിവരിക്കുന്നുണ്ട്. ശരീര പീഡകളിലൂടെ അന്നപാനീയങ്ങളും വസ്ത്രങ്ങളും മറ്റു സുഖാസ്വാദനങ്ങളുമെല്ലാം ഉപേക്ഷിച്ച് കാടുകളിലും മരുഭൂമികളിലും ചെന്നു കിടന്ന് ഇഞ്ചിഞ്ചായി മരണം വരിക്കുന്നതിലൂടെ 'മോക്ഷത്തിന്റെ' വഴി തേടിപ്പോയവർ അക്കൂട്ടത്തിലുണ്ട്. അതുപോലെ വന്യജീവികൾക്കും കഴുകന്മാരെ പോലുള്ള പക്ഷികൾക്കും ഭക്ഷണമായിത്തീരാൻ വേണ്ടി കിടന്നുകൊടുത്തവരുമുണ്ട്."

സ്വന്തമായി തീക്കുണ്ഡാരമൊരുക്കി അതിലേക്ക് ചാടി ജീവനൊടുക്കുന്നത് മുതൽ സന്താനങ്ങളെ ദേവീദേവന്മാർക്കായി ബലികൊടുക്കുന്നതടക്കമുള്ള മനുഷ്യത്വഹീനമായ പലപല പ്രവൃത്തികളും മനുഷ്യനെക്കൊണ്ട് പിശാച് ചെയ്യിച്ചതിന്റെ വാർത്തകൾ നാം കേട്ടിട്ടുണ്ട്. ശരീര പീഡകളുടെ വ്യത്യസ്തവും വൈകൃതവും നിറഞ്ഞ പല ആചാരങ്ങളും മതമെന്ന പേരിൽ വിവിധ സമൂഹങ്ങളിൽ ഇന്നും നിലനിൽക്കുന്നത് കാണാം. ആശൂറാഇന്റെ ദിനത്തിൽ ശിയാക്കൾ കാട്ടിക്കൂട്ടുന്നതും അതിന്റെ ചുവടുപിടിച്ച് കേരളക്കരയിൽ പലയിടങ്ങളിലും നടക്കുന്ന കുത്തുറാതീബ് പോലുള്ള ആഭാസങ്ങളും ഇതിന് ഉദാഹരണങ്ങളാണ്. പ്രവാചക അധ്യാപനങ്ങൾ കയ്യൊഴിച്ച് സ്വന്തമായി ആചാരാനുഷ്ഠാനങ്ങൾ

**പ്രവാചകാധ്യാപനങ്ങളുടെ നേർവഴിയിൽനിന്ന് മനുഷ്യരെ വഴിതെറ്റിച്ചു കൊണ്ടുപോകാൻ പിശാച് ചെയ്തത് പ്രവാചകത്വത്തെ തന്നെ നിഷേധിക്കുന്നതിനെ അലംകൃതമായി തോന്നിപ്പിക്കുക എന്നതാണ്. മതത്തിന്റെ കൃത്യമായ അധ്യാപനങ്ങളിൽ പലതിനെയും അത്തരം വികല ചിന്തകൾ കൊണ്ട് ചോദ്യം ചെയ്യുകയും പരിഹസിക്കുകയും ചെയ്യുന്നതിലേക്ക് അത്തരക്കാരെ പിശാച് ക്രമേണ കൊണ്ടെത്തിച്ചു. അങ്ങനെ സ്രഷ്ടാവിന്റെ നേർമാർഗത്തിൽനിന്നും വളരെയധികം ആളുകളെ തടഞ്ഞുവെക്കുവാനും അവന് സാധിച്ചു.**



പടച്ചുണ്ടാക്കുന്നതിലൂടെ മുസ്‌ലിം സമുദായത്തിൽ വന്നുചേർന്ന അനാചാരങ്ങളും അപകടങ്ങളുമാണ് ഇതുപോലുള്ളവ.

ഭൗതികമായ പല കാര്യങ്ങളിലും അറിവും സാമർഥ്യവും ഉള്ളവരായി അറിയപ്പെട്ടിരുന്ന പലരെയും പിശാച് ഇത്തരം ആഭാസങ്ങൾ ചെയ്യിപ്പിച്ചു എന്ന് കാണുമ്പോൾ അതിൽനിന്നെല്ലാം നമ്മെ രക്ഷപ്പെടുത്തിയതിന്റെ പേരിൽ പടച്ച റബ്ബിനോട് നാം എത്രകണ്ട് നന്ദിയർപ്പിക്കേണ്ടിയിരിക്കുന്നു! അല്ലാഹുവിന് സ്തുതി!

ജീവിതത്തിന്റെ സകലമാന നന്മകളിലേക്കും വഴിതെളിച്ച പ്രവാചക ജീവിതം പഠിച്ചറിഞ്ഞ് പിൻപറ്റുവാനാണ് അല്ലാഹു നമ്മളോട് കൽപിക്കുന്നത്.

അല്ലാഹു പറയുന്നു: "ഞാനല്ലാതെ യാതൊരു ദൈവവുമില്ല; അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്കു മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല" (ക്വുർആൻ 33:21).

പ്രവാചകാധ്യാപനങ്ങളിൽ സകലമാന നന്മകളും നമുക്ക് അനുവദിച്ചുതരുന്നതും മ്ലേച്ഛകരമായ എല്ലാ സംഗതികളെയും വിലക്കുന്നതുമായിട്ടാണ്

കാണാൻ കഴിയുക.

അല്ലാഹു പറയുന്നു: "(അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്). അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുക യും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർതന്നെയാണ് വിജയികൾ" (7:157).

അലങ്കാരവും ആസ്വാദനവും പാടെ വിലക്കുന്നതല്ല മതത്തിന്റെ അധ്യാപനം. എന്നാൽ മിതത്വം പാലിക്കുവാൻ അവിടെയും ശ്രദ്ധിക്കണം എന്നാണ് മതം ഉപദേശിക്കുന്നത്.

"ആദം സന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും (അഥവാ എല്ലാ ആരാധനാവേളകളിലും) നിങ്ങൾക്ക് അലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊള്ളുക നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല. (നബിയേ,) പറയുക: അല്ലാഹു അവന്റെ ദാസൻമാർക്ക് വേണ്ടി ഉൽപാദിപ്പിച്ചിട്ടുള്ള അലങ്കാര വസ്തുക്കളും വിശിഷ്ടമായ ആഹാര പദാർഥങ്ങളും നിഷിദ്ധമാക്കിയതാരാണ്? പറയുക: അവ ഐഹികജീവിതത്തിൽ സത്യവിശ്വാസികൾക്ക് അവകാശപ്പെട്ടതാണ്. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവർക്കുമാത്രമുള്ളതുമാണ്. മനസ്സിലാക്കുന്ന ആളുകൾക്ക് വേണ്ടി അപ്രകാരം നാം തെളിവുകൾ വിശദീകരിക്കുന്നു" (7:31,32).

എന്നാൽ പ്രവാചകാധ്യാപനങ്ങളുടെ നേർവഴിയിൽനിന്ന് മനുഷ്യരെ വഴിതെറ്റിച്ചു കൊണ്ടുപോകാൻ പിശാച് ചെയ്തത് പ്രവാചകത്വത്തെ തന്നെ നിഷേധിക്കുന്നതിനെ അലംകൃതമായി തോന്നിപ്പിക്കുക എന്നതാണ്. മതത്തിന്റെ കൃത്യമായ അധ്യാപനങ്ങളിൽ പലതിനെയും അത്തരം വികല ചിന്തകൾ കൊണ്ട് ചോദ്യം ചെയ്യുകയും പരിഹസിക്കുകയും ചെയ്യുന്നതിലേക്ക് അത്തരക്കാരെ പിശാച് ക്രമേണ കൊണ്ടെത്തിച്ചു. അങ്ങനെ സ്രഷ്ടാവിന്റെ നേർമാർഗത്തിൽനിന്നും വളരെയധികം ആളുകളെ തടഞ്ഞുവെക്കുവാനും അവന് സാധിച്ചു. അല്ലാഹു പറയുന്നത് കാണുക:

"അല്ലാഹുവെയും അവന്റെ ദൂതനെയും നിങ്ങൾ അനുസരിക്കുകയും ചെയ്യുക. നിങ്ങൾ ഭിന്നിച്ചു പോകരുത്. എങ്കിൽ നിങ്ങൾക്ക് ധൈര്യക്ഷയം നേരിടുകയും നിങ്ങളുടെ വീര്യം (നശിച്ചു) പോകുകയും ചെയ്യും. നിങ്ങൾ ക്ഷമിക്കുക. തീർച്ചയായും അല്ലാഹു ക്ഷമാശീലരുടെ കൂടെയാകുന്നു. ഗർവോടുകൂടിയും ജനങ്ങളെ കാണിക്കാൻ വേണ്ടിയും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) തടഞ്ഞു നിർത്താൻ വേണ്ടിയും തങ്ങളുടെ വീടുകളിൽനിന്ന് ഇറങ്ങിപ്പുറപ്പെട്ടവരെപോലെ നിങ്ങളാകരുത്. അല്ലാഹു അവർ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു"(8:46,47).

"അതായത്, പരലോകത്തെക്കാൾ ഇഹലോകജീവിതത്തെ കൂടുതൽ സ്നേഹിക്കുകയും അല്ലാഹു വിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) പിന്തിരിപ്പിക്കുകയും അതിന് (ആ മാർഗത്തിന്) വക്രത വരുത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നവരാരോ അവർക്ക്. അക്കൂട്ടർ വിദൂരമായ വഴികേടിലാകുന്നു"(14:3).

ഈ സൂക്തങ്ങളുടെ തൊട്ടുമുമ്പും ശേഷവുമുള്ള വചനങ്ങൾ പ്രവാചകാധ്യാപനങ്ങളുടെ ആവശ്യകതയും അത് പിൻപറ്റാൻ പ്രേരിപ്പിക്കുന്നവയുമാണെന്നത് പ്രത്യേകം ശ്രദ്ധേയമാണ്.



അസ്റ അബ്ദുൽ ഹയ്യ്

# ഒരു ജീവിയെയും ഉപദ്രവിക്കരുത്

ഹാജറയും സാറയും അടുത്ത കൂട്ടുകാരികളാണ്. ഹാജറ മതബോധമുള്ള കുടുംബത്തിലെ കുട്ടിയാണ്. സാറയെക്കാൾ മികച്ച സ്വഭാവവും നല്ല അറിവും അവൾക്കുണ്ടായിരുന്നു. അവർ രണ്ടുപേരും സ്കൂളിൽ പോകുന്നതും വരുന്നതും ഒരുമിച്ചായിരുന്നു. ഒരുദിവസം രണ്ടുപേരും സകൂളിൽനിന്ന് മടങ്ങിവരുമ്പോൾ വഴിയിരികിൽ ഒരു കിളിക്കുഞ്ഞ് മരണാസന്നയായി കിടക്കുന്നത് കണ്ടു. അതിനെ ഉറുമ്പുകൾ പൊതിഞ്ഞിരുന്നു.

ഹാജറ പറഞ്ഞു: "പാവം കിളിക്കുഞ്ഞ്. അത് ചാകാനായിട്ടുണ്ട്. നമുക്കതിനെ രക്ഷിക്കാം. അൽപം വെള്ളം കൊടുക്കാം." അപ്പോൾ സാറ പറഞ്ഞു: "നിനക്ക് വേറെ പണിയൊന്നുമില്ലേ? വെറുതെ സമയം കളയുന്നു."

"നീ ഈ പറയുന്നത് ശരിയല്ല. ദാഹിക്കുന്ന ഏത് ജീവിക്കും വെള്ളം നൽകി ദാഹമകറ്റുന്നത് പുണ്യകർമമാണെന്ന് നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്"-ഹാജറ പറഞ്ഞു.

"നേരാണോ നീ പറയുന്നത്?"-സാറ അത്ഭുതത്തോടെ ചോദിച്ചു. "അതെ, ദാഹിച്ചു വലഞ്ഞ നായക്ക് കിണറ്റിലിറങ്ങി വെള്ളം നൽകിയ മനുഷ്യൻ അക്കാരണത്താൽ സ്വർഗാവകാശിയായെന്ന് നബി(സ്വ) പറഞ്ഞത് നീ പഠിച്ചിട്ടില്ലേ?"

ഇതും ചോദിച്ച് ഹാജറ കിളിക്കുഞ്ഞിനെ കയ്യിലെടുത്തു. അതിന്റെ ശരീരത്തിലുണ്ടായിരുന്ന ഉറുമ്പുകളെയെല്ലാം തട്ടിക്കളഞ്ഞു. ബാഗിലുണ്ടായിരുന്ന വാട്ടർബോട്ടിലിൽനിന്ന് അൽപം വെള്ളം അതിന്റെ വായിൽ ഒഴിച്ചുകൊടുത്തു. അത് വെള്ളം കുടിച്ചിറക്കി. അന്നേരമാണ് തള്ളപ്പക്ഷി മുകളിൽ വട്ടമിട്ടു പറക്കുന്നത് അവർ കണ്ടത്. കുറച്ചപ്പുറത്ത് മരത്തിൽനിന്ന് ചാടിയ കിളിക്കൂട് കിടക്കുന്നത് അപ്പോഴാണ് അവരുടെ ശ്രദ്ധയിൽ പെട്ടത്. ഉടൻ ഹാജറ കിളിക്കുഞ്ഞിനെ ആ കൂട്ടിൽ വെച്ചു. ഉറുമ്പുകൾ പോകുകയും വെള്ളം അകത്തു ചെല്ലുകയും ചെയ്തതിനാൽ കിളിക്കുഞ്ഞ് ഉഷാറായി. അത് പതുക്കെ കൂട്ടിൽ എഴുന്നേറ്റ് നിന്നു. അവർ അൽപം മാറി നിന്നപ്പോൾ തള്ളപ്പക്ഷി കൂട്ടിൽ പറന്നിറങ്ങി. അത് തന്റെ കൊക്കിനിടയിൽ വെച്ചിരുന്ന തീറ്റ കുഞ്ഞിന്റെ വായിൽ വച്ചുകൊടുത്തു. കുറച്ചു നേരം ആ രംഗം നോക്കിനിന്ന ശേഷം ഹാജറയും സാറയും വീട്ടിലേക്ക് മടങ്ങി.

പിറ്റേദിവസം സ്കൂളിലേക്ക് പോകുമ്പോൾ സാറ പറഞ്ഞു: "ഇന്നലെ നീ കിളിക്കുഞ്ഞിനെ രക്ഷിച്ച കാര്യമായിരുന്നു ഉറങ്ങാൻ കിടക്കുമ്പോൾ എന്റെ മനസ്സു നിറയെ. ഞാൻ ഇതുവരെ ജന്തുക്കളെ ഉപദ്രവിച്ചിട്ടേയുള്ളൂ. ഇനി ഞാൻ ഒന്നിനെയും ഉപദ്രവിക്കില്ല."

ഹാജറക്ക് അത് കേട്ടപ്പോൾ വലിയ സന്തോഷമായി. അവൾ പറഞ്ഞു: "നമ്മൾ ഒരു കാര്യം തെറ്റാണെന്ന് അറിഞ്ഞാൽ പിന്നെ അത് ആവർത്തിക്കരുത്. അറിയാതെ ചെയ്തത് അല്ലാഹു പൊറുത്തുതരും."

"ഞാൻ എന്റെ വീട്ടിൽ വരുന്ന ഒരു പാവം പൂച്ചയെ കല്ലെടുത്തെറിഞ്ഞ് കുറെ വേദനിപ്പിച്ചിട്ടുണ്ട്. അതുപോലെ ഓന്തിനെയും അരണയെയും കാണുമ്പോൾ എറിയാറുണ്ട്. അതൊക്കെ ഒരു രസത്തിന് ചെയ്യുന്നതാണ്"-സാറ ദുഃഖത്തോടെ പറഞ്ഞു.

"നീ മാത്രമല്ല, പല കുട്ടികളും ചെയ്യുന്ന കാര്യമാണിത്. പൂച്ചയെ കെട്ടിയിട്ട് ഭക്ഷണം നൽകാതെ കൊന്ന ഒരു സ്ത്രീ നരകത്തിലാണെ് നബി(സ്വ) പറഞ്ഞത് ജന്തുക്കളെ ഉപദ്രവിക്കുന്നതിന്റെ ഗൗരവം എത്രമാത്രമുണ്ടെന്ന് അറിയിക്കുന്നു"-ഹാജറ പറഞ്ഞു. അപ്പോഴേക്കും അവർ സ്കൂളിലെത്തി. സലാം പറഞ്ഞുകൊണ്ട് രണ്ടു പേരും അവരവരുടെ ക്ലാസ്സുകളിലേക്ക് പോയി. ■



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

# പുറത്തിറങ്ങി

മലയാളത്തിൽ ആദ്യമായി

WISDOM BOOKS




നിങ്ങളുടെ കോപ്പികൾ ഉറപ്പ് വരുത്തുക

~~₹450~~ ₹370

ലളിതമായ രീതിയിലുള്ള അവതരണം

# തഫ്സീർ അസ്സഅദി

[മലയാളം]

ജുസ്അ് 28-30

അബ്ദുറഹ്മാൻ നാസിർ അസ്സഅദി رحمه الله

വിവർത്തനം: ഹാരിസ് ബിൻ സലീം




പുസ്തകം നിങ്ങളുടെ **വീട്ടിൽ** എത്തിക്കുന്നു

WISDOM BOOKS

**WISDOM BOOKS AND PUBLICATIONS**
CV Complex, PV Swami Road, Chalappuram,
Kozhikode 673002. Mob: +91 7356766478
www.wisdombooksonline.com

CONTACT: Mob: +91 7356 766 478

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
06 December 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-


# നിലപാടുകളിൽ കാലിടറാതെ, ഒമ്പതാം വയസ്സിലേക്ക്...



WISDOM ISLAMIC ORGANIZATION

നേരിന്റെ വരമൊഴി

# നേർപഥം
വാരിക

ഒറ്റ പ്രതി ₹12

വാർഷിക വരിസംഖ്യ: ₹624

പ്രചാരണ മാസത്തിൽ: ₹ 550

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

## വരി ചേരുക, വായിക്കുക...

## പ്രചാരണ കാലം
## 2025 നവംബർ: 01 - ഡിസംബർ: 31

#Nerpathamweekly

Circulation Manager | Nerpatham Weekly | CV Complex | PV Swami Road | Chalappuram PO
Kozhikkode 673002 | Kerala | India | PH: 0495 4019437 | +91 92075 25244
mail@nerpatham.com | www.nerpatham.com